# പാർടി കത്ത്

# 1/2016

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
01.02.2016

# 1

# 2015 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് റവ്യൂ

## റിപ്പോർട്ടിംഗ് കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടന്നത് 2015 നവംബർ 2, 5 തീയതികളിലാണ്. കേരളത്തിന്റെ ഭാവി രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒന്നായിരുന്നു ഈ തെരഞ്ഞെടുപ്പ്. അതുകൊണ്ട് തന്നെ പ്രാദേശിക തെരഞ്ഞെടുപ്പ് എന്നതിനേക്കാൾ വമ്പിച്ച പ്രാധാന്യം ഈ തെരഞ്ഞെടുപ്പിന് ഉണ്ടാവുകയും ചെയ്തു. തെരഞ്ഞെടുപ്പിൽ ഏതു രീതിയിലും വിജയിക്കുക എന്ന നിലപാടാണ് യു.ഡി.എഫ് സ്വീകരിച്ചിരുന്നത്. ഇത്തമൊരു വിജയം നേടിയാൽ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചുവരാം എന്ന കാഴ്ചപ്പാട് കൂടിയായിരുന്നു ഇതിനു പിന്നിലുണ്ടായിരുന്നത്.

### തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഇടപെടൽ

തങ്ങൾക്ക് അനുകൂലമായ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്തിയും തദ്ദേശ സ്ഥാപനങ്ങൾ തങ്ങൾക്ക് അനുകൂലമായ വിധത്തിൽ വിഭജിച്ചെടുത്തും വിജയം ഉറപ്പിക്കാനുള്ള പരിശ്രമങ്ങളാണ് യു.ഡി.എഫിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്. അതിനാൽ തന്നെ, ഈ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോയി തങ്ങൾക്ക് അനുകൂലമായ സാഹചര്യത്തിൽ നടത്തുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി. നവംബർ 1-ാം തീയതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണാധികാരികൾ അധികാരമേൽക്കേണ്ടതായിരുന്നു. സർക്കാരിന്റെ പിടിപ്പുകേടുമൂലമാണ് നിയമപരമായി നടക്കേണ്ടിയിരുന്ന അധികാരാരോഹണം നടക്കാതെ പോയത്. ഹൈക്കോടതിയുടെ ശക്തമായ ഇടപെടലിനെത്തുടർന്നാണ് തെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന സർക്കാർ തയ്യാറായത്. തെരഞ്ഞെടുപ്പ് കമ്മീ

ഷനെ തെരഞ്ഞെടുപ്പ് നടത്താനുള്ള ഉത്തരവാദിത്വം കോടതി ഏൽപ്പിക്കുകയാണുണ്ടായത്. ആദ്യഘട്ടത്തിൽ സ്വീകരിച്ച ശക്തമായ നിലപാട് കമ്മീഷൻ പിന്നീട് സ്വീകരിച്ചിരുന്നില്ല. എങ്കിലും കോടതിയുടെ ഇടപെടലിന്റെ പശ്ചാത്തലത്തിലാണ് നവംബർ 2, 5 തീയതികളിലെങ്കിലും തെരഞ്ഞെടുപ്പ് നടക്കുന്നതിന് സാഹചര്യമൊരുങ്ങിയത്.

കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടും ലഭിക്കാവുന്ന സാഹചര്യം ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പ് തങ്ങൾക്ക് അനുകൂലമാക്കുന്നതിനുള്ള സമീപനം യു.ഡി.എഫ് സർക്കാർ സ്വീകരിച്ചിരുന്നു. മുൻസിപ്പാലിറ്റികളും ബ്ലോക്ക് പഞ്ചായത്തുകളും, കോർപ്പറേഷനുകളും യു.ഡി.എഫിന്റെ രാഷ്ട്രീയ അജണ്ടകളുടെ അടിസ്ഥാനത്തിലാണ് രൂപീകരിക്കപ്പെട്ടത്. ഭൂരിപക്ഷം ജില്ലാ പഞ്ചായത്തുകളിലും വാർഡുകളുടെ രൂപീകരണത്തിലും ഇത്തരമൊരു സ്ഥിതി കാണാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഇത്തരമൊരു ഇടപെടൽ നടത്താൻ കോടതിയുടെ ഇടപെടൽ കാരണം നടന്നതുമില്ല.

## തെരഞ്ഞെടുപ്പിനുള്ള തയ്യാറെടുപ്പുകൾ

തദ്ദേശസ്വയംഭരണ സ്ഥാപന തെരെഞ്ഞെടുപ്പ് ശക്തമായ ഒരു രാഷ്ട്രീയ പോരാട്ടമായിരിക്കും എന്ന നിലയിലാണ് പാർടി സംസ്ഥാന കമ്മിറ്റി വിലയിരുത്തിയത്. അരുവിക്കര ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് വിജയിച്ചതോടെ അവരുടെ ആത്മവിശ്വാസം വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യവും കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ബിജെപിക്ക് ഉപതെരഞ്ഞെടുപ്പിൽ മുൻകാലത്തെക്കാൾ വോട്ട് വർദ്ധിച്ചത് മൂന്നാം മുന്നണിയെന്ന മുദ്രാവാക്യം ഉയർത്താനുള്ള ആത്മവിശ്വാസം നൽകിയിട്ടുണ്ട് എന്ന കാര്യവും നാം വിലയിരുത്തിയിട്ടുണ്ടായിരുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ ഇവരെ പരാജയപ്പെടുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി കരുത്താർജ്ജിക്കേണ്ടത് ആവശ്യമാണെന്നും കണ്ടിരുന്നു. അതേ അവസരത്തിൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ബിജെപി സർക്കാർ സ്വീകരിക്കുന്ന ജനവിരുദ്ധ നയങ്ങളും വർഗീയവൽക്കരണവും അഴിമതിയും ബിജെപിക്ക് എതിരെ ജനങ്ങളെ അണിനിരത്താനുള്ള സാധ്യത വർദ്ധിപ്പിച്ച കാര്യവും കണ്ടിരുന്നു. യുഡിഎഫ് സർക്കാരിന്റെ നാലരവർഷത്തെ ഭരണത്തിൽ

അഴിമതി, ജനവിരുദ്ധനയങ്ങൾ, ജാതി–മത ശക്തികളെ പ്രീണിപ്പിക്കൽ എന്നിവയിൽ ജനങ്ങൾക്കുള്ള അമർഷം യു.ഡി.എഫിന് എതിരായി ജനവികാരം അണിരത്താനുള്ള സാധ്യതയുണ്ടെന്നും നാം വിലയിരുത്തുകയുണ്ടായി.

യു.ഡി.എഫ് എന്നത് അതിലെ ഘടക പാർടികൾ മാത്രമുള്ള ഒരു മുന്നണി അല്ലെന്നും പ്രബല സമുദായ മതസംഘടനാ നേതാക്കളുടെ പിൻബലമുള്ള ഒന്നാണെന്നും നാം വിലയിരുത്തിയിട്ടുണ്ടായിരുന്നു. മാത്രമല്ല, കേരളീയ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന അച്ചടി–ദൃശ്യമാധ്യമങ്ങളുടെ പിന്തുണ ഇവർക്കുണ്ട് എന്ന കാര്യവും നാം വിലയിരുത്തുകയുണ്ടായി. ഇത്തരം വസ്തുതകൾ കണക്കിലെടുത്തുകൊണ്ട് തെരഞ്ഞെടുപ്പ് പ്രചരണം നടത്തേണ്ടതിന്റെ പ്രാധാന്യവും നാം കണ്ടിരുന്നു.

ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിലെ ഭരണകക്ഷിയെന്ന സവിശേഷതയും ആർ.എസ്.എസിന്റെ സംഘടനാ കരുത്തും കൂടി ചേരുന്ന സ്ഥിതിവിശേഷം സൃഷ്ടിക്കുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട് എന്ന കാര്യവും, എസ്.എൻ.ഡി.പി, കെ.പി.എം.എസ് തുടങ്ങിയ സമുദായ സംഘടനാ നേതാക്കളിൽ ഒരു വിഭാഗത്തെ കൂടെനിർത്താൻ കേന്ദ്രഭരണം ഉപയോഗിച്ചുകൊണ്ട് ബി.ജെ.പി ശ്രമിക്കുന്ന കാര്യവും വിലയിരുത്തുകയുണ്ടായി.

നിലനിൽക്കുന്ന ഇത്തരം സാഹചര്യത്തെ ശരിയായ തരത്തിൽ വിലയിരുത്തിക്കൊണ്ട് കോൺഗ്രസ്സിനെയും ബി.ജെ.പിയെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തോൽപിക്കുക എന്ന ലക്ഷ്യം നേടുന്നതിന് സഹായകമായ രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കണമെന്ന് പാർടി ആഹ്വാനം ചെയ്യുകയുണ്ടായി. ഈ രണ്ടു പാർട്ടികൾക്കുമെതിരെ ഓരോ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലും എൽ.ഡി.എഫുമായി സഹകരിക്കാൻ തയ്യാറുള്ള വിവിധ വിഭാഗത്തിൽ പെട്ടവരുമായും വ്യക്തികളുമായും വിവിധ ഗ്രൂപ്പുകളുമായും സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ നയത്തിന് രൂപം നൽകുന്നതിനും നാം നിശ്ചയിക്കുകയുണ്ടായി.

ഇടതുപക്ഷ ജനാധിപത്യമുന്നണിയിലെ ഐക്യം ഉറപ്പുവരുത്തി

ക്കൊണ്ട് നമ്മോട് സഹകരിച്ചു നിൽക്കുന്ന കക്ഷികളുമായി ധാരണ യുണ്ടാക്കണമെന്നും നിശ്ചയിക്കുകയുണ്ടായി. അടുത്തകാലത്തായി യു.ഡി.എഫ് വിട്ട് പുറത്തുവന്നിരിക്കുന്ന കേരളാ കോൺഗ്രസ് (ബി), കേരളാ കോൺഗ്രസ് (സെക്കുലർ) എന്നിവരുമായി പ്രാദേശികമായി നീക്കുപോക്കുകൾ ഉണ്ടാക്കാവുന്നതാണ്. പ്രാദേശികമായ ധാരണ കൾ ഉണ്ടാക്കുന്നത് പാർടി ജില്ലാകമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കണമെന്നും സംസ്ഥാന കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

സ്ഥാനാർത്ഥി നിർണ്ണയത്തെ സംബന്ധിച്ചും വ്യക്തമായ കാഴ്ച പ്പാട് ചർച്ച ചെയ്ത് അംഗീകരിച്ചിരുന്നു. യുവതീ-യുവാക്കളെയും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരെയും റസിഡന്റ്സ് അസോസിയേ ഷനിൽ പ്രവർത്തിക്കുന്നവരെയും സ്ഥാനാർത്ഥി ലിസ്റ്റിൽ ഉൾപ്പെടു ത്താൻ സംസ്ഥാന കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ജനപ്രതിനിധി എന്ന നിലയിൽ സമയമെടുത്ത് പ്രവർത്തിക്കാൻ കഴിയുന്നവരെ ആയിരി ക്കണം സ്ഥാനാർത്ഥികളായി നിശ്ചയിക്കേണ്ടത് എന്നും വ്യക്തമാ ക്കിയിരുന്നു. ഏതു കമ്മിറ്റികളാണ് ഓരോ തട്ടിലേയും സ്ഥാനാർത്ഥി കളെ നിർണ്ണയിക്കേണ്ടത് എന്നതു സംബന്ധിച്ചും വ്യക്തമായ ധാര ണകൾ രൂപപ്പെടുത്തിയിരുന്നു. തെരഞ്ഞെടുപ്പ് പ്രവർത്തനത്തിനായി ഫണ്ട് പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ക്രമീകരണവും വരുത്തി യിരുന്നു.

ബൂത്തിലും ലോക്കലിലും ഓരോ മുഴുവൻസമയ പ്രവർത്തകനെ നിയോഗിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രചരണരംഗത്തെ പ്രവർത്ത നത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും മുൻകൂട്ടി തന്നെ നൽകിയി രുന്നു. നവമാധ്യമരംഗത്തെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള കാഴ്ച പ്പാടുകൾ വിശദീകരിച്ചിരുന്നു. ദേശാഭിമാനിയുടെ രണ്ടുമാസത്തെ വരി ക്കാരെ ചേർക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കണമെന്ന കാര്യവും നിർദ്ദേശിച്ചിരുന്നു. ദേശാഭിമാനിയുടെ സപ്ലിമെന്റുകൾ പ്രാദേശികമായി പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയും മുന്നോട്ടുവച്ചിരുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും തെര ഞ്ഞെടുപ്പ് മാനിഫെസ്റ്റോ തയ്യാറാക്കി ഓരോ വീടുകളില്ലും പ്രചരിപ്പി ക്കണമെന്നും അത് എങ്ങനെയാണ് രൂപപ്പെടുത്തേണ്ടത് എന്നതു

സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ അറിയിച്ചിരുന്നു. മാനിഫെസ്റ്റോ തയ്യാറാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ച ശേഷമാണ് പ്രകടന പത്രിക തയ്യാറാക്കേണ്ടത് എന്ന കാര്യവും വ്യക്തമാക്കിയിരുന്നു. സെമിനാറിനുമുമ്പായി ബഹുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചുകൊണ്ടുള്ള പ്രവർത്തനവും നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള അവസരം ഉപയോഗപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും ഓർമ്മിപ്പിച്ചിരുന്നു. ഓരോ വോട്ടറെയും കാണുന്നതിനും വർഗ-ബഹുജനസംഘടനാ പ്രവർത്തകർ അവരുടെ അംഗങ്ങളെ പ്രത്യേക സ്ക്വാഡുകൾ നിശ്ചയിച്ച് കാണണമെന്നും തീരുമാനിച്ചിരുന്നു.

വർഗീയതയ്ക്കെതിരെ ശക്തമായ ക്യാമ്പയിൻ പ്രവർത്തനം നടത്തേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ജില്ലാതലത്തിൽ സെമിനാർ സംഘടിപ്പിക്കുന്നതിനുള്ള തീരുമാനവും എടുത്തിരുന്നു. ഈ തീരുമാനങ്ങൾ താഴെ തലംവരെ എത്തിക്കുന്നതിനും രാഷ്ട്രീയ പ്രാധാന്യം വിശദീകരിക്കുന്നതിനും ഉതകുന്ന ഒരു കുറിപ്പ് തന്നെ സംസ്ഥാന കമ്മിറ്റി തയ്യാറാക്കി താഴെതലം വരെ എത്തിച്ചു. ജില്ലാതല സെമിനാർ വൻ പങ്കാളിത്തത്തോടെ നടന്നത് വർഗീയതയ്ക്കെതിരായ പോരാട്ടത്തിന് കരുത്ത് നൽകുംവിധമായിരുന്നു.

പ്രകടന പത്രിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അടങ്ങിയ കുറിപ്പ് സംസ്ഥാന കമ്മിറ്റി താഴെ തലത്തിലേക്ക് നൽകിയിരുന്നു. കുടുംബയോഗത്തിനും പ്രാസംഗികർക്കുമുള്ള കുറിപ്പും സംസ്ഥാന കമ്മിറ്റി നൽകിയിരുന്നു. തെരഞ്ഞെടുപ്പിനു മുന്നോടിയായി വിവിധ പ്രശ്നങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ആകർഷകമായ പോസ്റ്റർ അച്ചടിച്ച് സംസ്ഥാന കമ്മിറ്റി നൽകിയിരുന്നു.

## ജില്ലാ ചാർജ്ജുകാർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ ജില്ലകളുടെ ചാർജ്ജ് താഴെ പറയുംവിധം സംസ്ഥാന സെക്രട്ടേറി

യറ്റ് അംഗങ്ങൾക്ക് നിശ്ചയിച്ച് നൽകിയിരുന്നു.

| ജില്ല | ചാർജ്ജ് |
|---|---|
| കാസർഗോഡ് | പി. കരുണാകരൻ, കെ.കെ. ശൈലജ |
| കണ്ണൂർ | പിണറായി വിജയൻ, പി.കെ. ശ്രീമതി |
| വയനാട് | ടി.പി. രാമകൃഷ്ണൻ |
| കോഴിക്കോട് | എളമരം കരീം, വി.വി. ദക്ഷിണാമൂർത്തി |
| മലപ്പുറം | എ. വിജയരാഘവൻ |
| പാലക്കാട് | എ.കെ. ബാലൻ |
| തൃശൂർ | ബേബി ജോൺ |
| എറണാകുളം | ഇ.പി. ജയരാജൻ, എം.സി. ജോസഫൈൻ |
| ഇടുക്കി | എം.എം. മണി |
| കോട്ടയം | വൈക്കം വിശ്വൻ |
| ആലപ്പുഴ | ടി.എം. തോമസ് ഐസക് |
| പത്തനംതിട്ട | കെ.ജെ. തോമസ് |
| കൊല്ലം | പി.കെ. ഗുരുദാസൻ, എം.വി. ഗോവിന്ദൻ |
| തിരുവനന്തപുരം | ആനത്തലവട്ടം ആനന്ദൻ |

## നേതാക്കളുടെ പര്യടനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം പ്രചരണത്തിനായി ഏറെ ദിവസങ്ങൾ നമുക്ക് ലഭിച്ചിരുന്നില്ല. എങ്കിലും കുറഞ്ഞ സമയത്തിനുള്ളിൽ പ്രചരണ പ്രവർത്തനങ്ങൾ സജീവമാക്കി നടത്തുന്നതിനുള്ള ഇടപെടലുകൾ സംസ്ഥാന കമ്മിറ്റി നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പോളിറ്റ് ബ്യൂറോ അംഗ

ങ്ങളായ സഖാക്കൾ എസ്. രാമചന്ദ്രൻപിള്ള, പിണറായി വിജയൻ, കോടിയേരി ബാലകൃഷ്ണൻ, എം.എ. ബേബി എന്നിവരും പ്രതിപക്ഷ നേതാവ് സ: വി.എസ്. അച്യുതാനന്ദനും സംസ്ഥാനത്തുടനീളം പ്രചരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. എതിരാളികൾ നടത്തിയ പ്രചരണങ്ങളെ നേരിടുന്നതിന് ഇത് ഏറെ സഹായകമായി. നേതൃത്വത്തിന്റെ ശക്തമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നമ്മുടെ തെരഞ്ഞെടുപ്പ് വിജയത്തിന് ഏറെ സഹായകമായി. പ്രചരണത്തിന് ഏറെ ദിവസങ്ങളില്ലാത്തതിനാൽ നേതാക്കളെയെല്ലാം എല്ലാ ജില്ലകളിലും പ്രചരണത്തിനായി കൊടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.

## തെരഞ്ഞെടുപ്പുഫലം ഒറ്റനോട്ടത്തിൽ

2015 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വലിയ വിജയമാണ് നമുക്ക് നേടാനായത്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ നമുക്ക് നേരിട്ട തിരിച്ചടിയെ അതിജീവിച്ച് മുന്നോട്ടുപോകുന്നതിന് കഴിയുകയും പാർടി പ്രവർത്തകരിൽ വലിയ ആവേശം ഉണ്ടാക്കിയെടുക്കുന്നതിനും ഈ തെരഞ്ഞെടുപ്പ് വിജയം സഹായിച്ചിട്ടുണ്ട്.

2015–ൽ കേരളത്തിലെ ആകെയുള്ള 941 ഗ്രാമപഞ്ചായത്തുകളിൽ 577 എണ്ണത്തിലാണ് എൽ.ഡി.എഫിന്റെ പഞ്ചായത്ത് പ്രസിഡന്റുമാർ തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ, നമുക്ക് കേവലഭൂരിപക്ഷമുള്ളത് 546 ഇടത്താണ്. 347 എണ്ണത്തിൽ യു.ഡി.എഫും 12 എണ്ണത്തിൽ ബി.ജെ.പിയും 5 എണ്ണത്തിൽ മറ്റുള്ളവരുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ബ്ലോക്ക് പഞ്ചായത്തുകളിൽ 152 എണ്ണത്തിൽ 92–ലാണ് എൽ.ഡി.എഫ് അധികാരത്തിലുള്ളത്. 60 എണ്ണം യു.ഡി.എഫിനും നേടാനായി. ജില്ലാപഞ്ചായത്തിലാവട്ടെ 14 എണ്ണത്തിൽ 7 എണ്ണം എൽ.ഡി.എഫിനും 7 എണ്ണം യു.ഡി.എഫിനും ലഭിച്ചു. ആകെയുള്ള 86 മുനിസിപ്പാലിറ്റികളിൽ 45 എണ്ണത്തിൽ എൽ.ഡി.എഫും 40 എണ്ണത്തിൽ യു.ഡി.എഫും ഒന്നിൽ ബി.ജെ.പിയും വിജയിച്ചു. ആകെയുള്ള 6 കോർപ്പറേഷനുകളിൽ 5 എണ്ണത്തിൽ എൽ.ഡി.എഫിന്റെയും ഒന്നിൽ യു.ഡി.എഫിന്റേയും മേയർമാരാണ് വിജയിച്ചത്. മികച്ച വിജയമാണ് പൊതുവിൽ നമുക്ക് ഉണ്ടായിട്ടുള്ളത്.

| തദ്ദേശ സ്ഥാപനം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ള വർ | ആകെ | LDF | UDF | BJP | മറ്റുള്ള വർ |
| ജില്ലാ പഞ്ചായത്ത് | 14 | 6 | 8 | 0 | 0 | 14 | 7 | 7 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 150 | 59 | 91 | 0 | 0 | 152 | 92 | 60 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 978 | 360 | 601 | 3 | 14 | 941 | 577 | 347 | 12 | 5 |
| മുനിസിപ്പാലിറ്റി | 59 | 17 | 41 | 0 | 1 | 86 | 45 | 40 | 1 | 0 |
| കോർപ്പറേഷൻ | 5 | 3 | 2 | 0 | 0 | 6 | 5 | 1 | 0 | 0 |

യു.ഡി.എഫിനേക്കാൾ എൽ.ഡി.എഫിന് 2015–ലെ തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ 3,19,820 വോട്ടാണ് അധികം ലഭിച്ചത്. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് എൽ.ഡി.എഫിനേക്കാൾ 1,55,571 വോട്ടാണ് അധികം ഉണ്ടായിരുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനേക്കാൾ യു.ഡി.എഫ് 3,35,573 വോട്ടുകളാണ് നേടിയിരുന്നത്.

2015–ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 82,64,751 വോട്ടും യു.ഡി.എഫിന് 79,44,931 വോട്ടും ബി.ജെ.പിക്ക് 28,07,320 ലഭിച്ചു. വോട്ടിംഗ് ശതമാനം കൃത്യമായി പരിശോധിച്ചാൽ എൽ.ഡി.എഫിന് 41.85 ശതമാനവും യു.ഡി.എഫിന് 40.23 ശതമാനവും ബി.ജെ.പിക്ക് 14.21 ശതമാനവുമാണ് ലഭിച്ചിട്ടുള്ളത്. കേരളത്തിൽ ഇതിനുമുമ്പായി നടന്ന തെരഞ്ഞെടുപ്പുമായി താരതമ്യം ചെയ്താൽ യു.ഡി.എഫിന്റെ വോട്ടിംഗ് ശതമാനം 2005 ലെ തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന്റെ നിലയിലേക്ക് താണിരിക്കുകയാണ്. അന്ന് കരുണാകരന്റെ നേതൃത്വത്തിലുള്ള ഡി.ഐ.സി യു.ഡി.എഫിനെതിരായിരുന്നു. ഇന്ന് എല്ലാ ഗ്രൂപ്പുകളും ഒന്നിച്ചു ചേർന്ന കോൺഗ്രസും അതിന്റെ കൂടെ ജനതാദൾ (യു), ആർ.എസ്.പി, കേരള കോൺഗ്രസ് ജോസഫ് എന്നിവരെല്ലാം ഉണ്ടായിട്ടും യു.ഡി.എഫിന്റെ വോട്ട് 40.23 ശതമാനമായി കുറഞ്ഞു.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് ലഭിച്ച 40.2 ശത

മാനം വോട്ട് ഇത്തവണ 41.85 ശതമാനമായി ഉയർന്നു. യു.ഡി.എഫിന്റെ വോട്ട് 42.04 ശതമാനത്തിൽ നിന്നും 40.23 ശതമാനമായി കുറഞ്ഞു. ഇത് വ്യക്തമാക്കുന്നത് 1.65 ശതമാനം വോട്ട് എൽ.ഡി.എഫിന് വർദ്ധിച്ചപ്പോൾ 1.81 ശതമാനം വോട്ട് യു.ഡി.എഫിന് കുറഞ്ഞുവെന്നതാണ്.

| 2015 ലെ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് | | |
|---|---|---|
| | വോട്ട് | ശതമാനം |
| LDF | 82,64,751 | 41.85 |
| UDF | 79,44,931 | 40.23 |
| BJP | 28,07,320 | 14.21 |

| 2014 ലെ പാർലമെന്റ് തെരഞ്ഞെടുപ്പ് | | |
|---|---|---|
| | വോട്ട് | ശതമാനം |
| LDF | 72,11,257 | 40.2 |
| UDF | 75,46,830 | 42.04 |
| BJP | 19,44,204 | 10.83 |

| 2011 ലെ നിയമസഭാ തെരഞ്ഞെടുപ്പ് | | |
|---|---|---|
| | വോട്ട് | ശതമാനം |
| LDF | 78,47,303 | 45.13 |
| UDF | 80,02,874 | 46.03 |
| BJP | 10,57,294 | 6.08 |

| 2010 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് | | |
|---|---|---|
| | വോട്ട് | ശതമാനം |
| LDF | 77,69,478 | 42.46 |
| UDF | 84,31,148 | 46.08 |
| BJP | 11,29,518 | 6.17 |

## വിശകലനം

2010 മുതൽ 2015 വരെ നടന്ന നാല് തെരഞ്ഞെടുപ്പുകളുടെ ഫലം പരിശോധിച്ചാൽ എൽ.ഡി.എഫിന്റെ വോട്ട് ശതമാനം 2010ൽ 42.46, 2011ൽ 45.13, 2014ൽ 40.2, 2015ൽ 41.85 എന്നിങ്ങനെയാണ്.

2010 മുതൽ 2015 വരെ നടന്ന നാല് തെരഞ്ഞെടുപ്പുകളുടെ ഫലം പരിശോധിച്ചാൽ യു.ഡി.എഫിന്റെ വോട്ട് ശതമാനം 2010ൽ 46.08, 2011ൽ 46.03, 2014ൽ 42.04, 2015ൽ 40.23 എന്നിങ്ങനെയാണ്.

2010 മുതൽ 2015 വരെ നടന്ന നാല് തെരഞ്ഞെടുപ്പുകളുടെ ഫലം പരിശോധിച്ചാൽ ബി.ജെ.പിയുടെ വോട്ട് ശതമാനം 2010ൽ 6.17, 2011ൽ 6.08, 2014ൽ 10.83, 2015ൽ 14.21 എന്നിങ്ങനെയാണ്. 2004 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 12.11 ശതമാനം വോട്ട് ബി.ജെ.പിക്ക് ലഭിച്ചിരുന്നു.

തെരഞ്ഞെടുപ്പുകളിലെ കണക്ക് വ്യക്തമാക്കുന്നത് ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാൾ നമുക്ക് വോട്ടിംഗ് ശതമാനത്തിൽ വർദ്ധനവുണ്ടെങ്കിലും അതിനു മുമ്പ് നടന്ന തെരഞ്ഞെടുപ്പുകളിൽ നമുക്ക് ലഭിച്ച വോട്ടിംഗ് ശതമാനം ഈ തെരഞ്ഞെടുപ്പിൽ ലഭിച്ചില്ല എന്നതാണ്. നമുക്ക് താരതമ്യേന വലിയ പരാജയം നേരിട്ട കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 0.61 ശതമാനം വോട്ട് കുറയുകയാണ് ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ 3.28 ശതമാനം വോട്ട് കുറയുകയാണ് ചെയ്തിട്ടുള്ളത്.

യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാല് തെരഞ്ഞെടുപ്പുകളിലെ ഏറ്റവും മോശപ്പെട്ട വോട്ടിംഗ് ശതമാനമാണ് 2015 ലെ തെരഞ്ഞെടുപ്പിൽ ഉണ്ടായത്. നിയമസഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 5.8 ശതമാനം വോട്ട് കുറയുകയാണ് ചെയ്തിട്ടുള്ളത്. വോട്ടിംഗിലുണ്ടായ ഈ കുറവ് കേരളം പോലുള്ള സംസ്ഥാനത്ത് വിജയം നിർണ്ണയിക്കുന്നതിൽ ഏറെ പ്രധാനമാണ് എന്ന് കാണാം. യു.ഡി.എഫിന്റെ ജനപിന്തുണയിൽ ഉണ്ടായ വലിയ ഇടിവാണ് നമ്മുടെ വിജയത്തിന് ഇടയാക്കിയത്.

ബി.ജെ.പിയെ സംബന്ധിച്ചിടത്തോളം ഈ തെരഞ്ഞെടുപ്പ് ഏറെ പ്രതീക്ഷയോടെയാണ് നേരിട്ടത്. എന്നാൽ, ആ പ്രതീക്ഷയ്ക്കൊപ്പം അവർക്ക് നേട്ടം കൊയ്യാനായില്ല. എന്നാൽ, വോട്ടിംഗ് ശതമാനത്തിൽ വലിയ മുന്നേറ്റം ഉണ്ടായിട്ടുണ്ട് എന്നത് കാണാതിരുന്നുകൂടാ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 8.13 ശതമാനം വോട്ടാണ് ബി.ജെ.പിക്ക് വർദ്ധിച്ചത്. എൽ.ഡി.എഫിനും യു.ഡി.എഫിനും വോട്ട് കുറഞ്ഞപ്പോൾ ബി.ജെ.പിക്ക് വർദ്ധനവുണ്ടായി. സ്വാധീനമേഖലകളിൽ ബി.ജെ.പിക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയാതെ പോയപ്പോൾ പുതിയ മേഖലകളിലേക്ക് കടന്നുകയറാൻ സാധിച്ചിട്ടുണ്ട് എന്നത് ഗൗരവകരമായി കാണണം. അതേസമയം, 2004 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് 12.11 ശതമാനം വോട്ടുണ്ടായിരുന്നു. അതുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറിയ വർദ്ധനവാണ് ഉണ്ടായത് എന്ന് കരുതി ബി.ജെ.പിയുടെ സ്വാധീനത്തിൽ വരുന്ന വർദ്ധനവ് കുറച്ചുകണ്ടുകൂടാ.

2015 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ സ്വതന്ത്രർക്കും മറ്റുള്ളവർക്കും ലഭിച്ചത് 3.71 ശതമാനം വോട്ടാണ്. 2010 ലെ തെരഞ്ഞെടുപ്പിൽ 5.29 ശതമാനം വോട്ടാണ് അസാധു ഉൾപ്പെടെ ലഭിച്ചത്. ഇത് കാണിക്കുന്നത് ശക്തമായ രാഷ്ട്രീയ ധ്രുവീകരണം 2015 ലെ തെരഞ്ഞെടുപ്പിൽ ഉണ്ടായി എന്നതാണ്. അതേസമയം എസ്.ഡി.പി.ഐ, വെൽഫെയർ പാർടി എന്നിവർക്ക് നേട്ടമുണ്ടായപ്പോൾ കേരളത്തിൽ ചില സീറ്റുകളിൽ ജയിക്കാറുണ്ടായിരുന്ന പി.ഡി.പിയുടെ സ്വാധീനത്തിൽ കുറവുണ്ടായി.

കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ കുറച്ചുനാൾ മുമ്പുവരെ നിലനിന്ന രാഷ്ട്രീയ ചർച്ചകളിൽനിന്നും കാഴ്ചപ്പാടുകളിൽനിന്നും വോട്ടർമാർക്ക് മാറ്റമുണ്ടായിട്ടുണ്ട് എന്ന് 2015 ലെ തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കുന്നു. ഉദാഹരണമായി 2015 ജൂൺ മാസത്തിൽ നടന്ന അരുവിക്കര നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് ലഭിച്ചത് 34,145 വോട്ടായിരുന്നു. 2015 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഈ മണ്ഡലത്തിൽ 25,517 വോട്ടായി കുറയുകയാണുണ്ടായത്. എൽ.ഡി. എഫ് ആകട്ടെ ഈ തെരഞ്ഞെടുപ്പിൽ 54,323 വോട്ട് നേടി ഇവിടെ ഒന്നാം സ്ഥാനത്ത് എത്തുകയുണ്ടായി. 7000–ത്തോളം വോട്ടുകളുടെ വർദ്ധനവാണ് എൽ.ഡി.എഫിനുണ്ടായത്. യു.ഡി.എഫിനാവട്ടെ 10,000 –ത്തോളം വോട്ടുകൾ കുറഞ്ഞ് 47,427 വോട്ട് നേടി രണ്ടാം സ്ഥാനത്ത് എത്തുന്ന സ്ഥിതിയാണുണ്ടായത്. ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ടിംഗ് രീതികളിലും മാറ്റങ്ങൾ ഉണ്ടായതായി 2015 ലെ തെരഞ്ഞെടുപ്പ് സൂചിപ്പിക്കുന്നുണ്ട്. ഇടുക്കി പോലുള്ള മേഖലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിലുണ്ടായ നേട്ടങ്ങൾ ആവർത്തിക്കാൻ നമുക്ക് കഴിയാതെ പോയി. അതേ അവസരത്തിൽ, നമുക്ക് തിരിച്ചടിയേറ്റ ലോക്സഭാ മണ്ഡലങ്ങളിൽ മുന്നേറാനായി എന്നതും ഈ തെരഞ്ഞെടുപ്പിന്റെ സവിശേഷതയാണ്.

## ജില്ലകളിലെ വോട്ടിംഗ് നില

ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വോട്ടിംഗ് ശതമാനത്തിൽ നമുക്ക് വർദ്ധനവുണ്ടായി. ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ വോട്ടിംഗ് ശതമാനത്തിൽ നമുക്ക് കുറവുണ്ടായി.

കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പുമായി പരിശോധിക്കുമ്പോൾ മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് വോട്ടിംഗ് ശതമാനത്തിൽ നമുക്ക് മുന്നേറാനായത്.

2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെ

ടുപ്പുമായി താരതമ്യപ്പെടുത്തിയാൽ വോട്ടിംഗ് ശതമാനത്തിൽ നമുക്ക് മുന്നേറാനായത് ഇടുക്കി, തൃശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിലാണ്.

യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലാണ് വോട്ടിംഗ് ശതമാനത്തിൽ വർദ്ധനവുണ്ടായത്. മറ്റ് ജില്ലകളിലെല്ലാം പുറകോട്ടുപോയി. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തിയാൽ എല്ലാ ജില്ലകളിലും യു.ഡി.എഫിന്റെ വോട്ടിംഗ് ശതമാനത്തിൽ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തിയാൽ എല്ലാ ജില്ലകളിലും യു.ഡി.എഫിന് വോട്ടിംഗ് ശതമാനം കുറയുകയാണുണ്ടായത്.

ബി.ജെ.പിക്കാവട്ടെ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ വോട്ടിംഗ് ശതമാനത്തിൽ കുറവുണ്ടായി. മറ്റ് ജില്ലകളിലെല്ലാം വോട്ടിംഗ് ശതമാനത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയത്.

## വിജയത്തിനാധാരമായ ഘടകങ്ങൾ

ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് വിജയിക്കാനായത് പാർടി മുന്നോട്ടുവച്ച രാഷ്ട്രീയ നയങ്ങളുടെ ഫലമായാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തെറ്റായ നയങ്ങൾക്കെതിരായി വിവിധ തരത്തിലുള്ള പ്രക്ഷോഭങ്ങൾ നാം സംഘടിപ്പിക്കുകയുണ്ടായി. അതുവഴി സർക്കാരിനെതിരായുള്ള വികാരം ജനങ്ങൾക്കിടയിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞു. സോളാർ അഴിമതി, ബാർ കോഴക്കേസ് തുടങ്ങിയ നിരവധി അഴിമതികൾ സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിക്കുന്ന സ്ഥിതിയുണ്ടായി. കേരളത്തിന്റെ പരമ്പരാഗത മേഖലയെ തകർക്കുന്ന സർക്കാർ നയവും ക്ഷേമപദ്ധതികൾ ഉൾപ്പെടെ തകർക്കുന്ന സർക്കാരിന്റെ നടപടിയും ആ മേഖലകളിൽ വലിയ പ്രതിഷേധം സൃഷ്ടിച്ചു. പുതിയ നിയമനങ്ങൾ സർക്കാർ നടത്തുന്നില്ല എന്ന പ്രശ്നം യുവജനങ്ങളിൽ സർക്കാരിനെതിരായുള്ള

വികാരം രൂപപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

അക്രമണോത്സുക നയങ്ങളുമായി വർഗീയശക്തികൾ രാജ്യത്ത് അഴിഞ്ഞാടുന്ന സ്ഥിതിയുണ്ടായി. ഉത്തർപ്രദേശിൽ മാട്ടിറച്ചി സൂക്ഷിച്ചു എന്ന് ആരോപിച്ച് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഖ്ലാക്ക് എന്ന കർഷകത്തൊഴിലാളിയെ സംഘപരിവാർ കൊലപ്പെടുത്തിയ സംഭവം വമ്പിച്ച ജനരോഷം രാജ്യത്ത് വളർത്തിക്കൊണ്ടുവന്നു. ഡെൽഹിയിലെ കേരള ഹൗസിൽ മാട്ടിറച്ചി ഉണ്ടോ എന്ന പരിശോധന നടത്തിയ കേന്ദ്രസർക്കാരിന്റെ നടപടിയും രാജ്യത്താകമാനം നടത്തിയിട്ടുള്ള ആക്രമണങ്ങൾക്കുമെതിരെ ശക്തമായ നിലപാട് ഇടതുപക്ഷം സ്വീകരിച്ചത് മതേതരവാദികളിലും ന്യൂനപക്ഷ ജനവിഭാഗങ്ങളിലും ഇടതുപക്ഷത്തിന് അനുകൂലമായ രാഷ്ട്രീയ ചായ്വ് സൃഷ്ടിക്കുന്നതിനിടയാക്കി.

സംഘപരിവാറിന്റെ രാഷ്ട്രീയ നയങ്ങൾക്കെതിരെ ശക്തമായി യു.ഡി.എഫ് പ്രതികരിക്കാത്ത സ്ഥിതിവിശേഷം ഒരു വിഭാഗം ജനങ്ങൾക്കിടയിൽ യു.ഡി.എഫിനെതിരെ ശക്തമായ പ്രതിഷേധമുണ്ടാക്കി. കോൺഗ്രസ് നേതൃത്വത്തിനകത്തുതന്നെ അഭിപ്രായവ്യത്യാസത്തിന് ഇത് ഇടയാക്കി. അക്രമണോത്സുകമായ വർഗീയതയുടെ ആക്രമണങ്ങളെ പ്രതിരോധിക്കേണ്ടത് ആവശ്യമാണ് എന്ന ഇടതുപക്ഷ മനസ്സുള്ള കേരളീയന്റെ ചിന്തയും എൽ.ഡി.എഫിന് അനുകൂലമാകുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചു. ഇടതുപക്ഷ മനസ്സുകൾ ഇടതുപക്ഷത്തോടൊപ്പം നിന്നു എന്ന സ്ഥിതിവിശേഷവും ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായി. പുതിയ തലമുറയിലും സ്ത്രീകളിലും നമുക്ക് അനുകൂലമായ സ്ഥിതിവിശേഷം മുൻകാലങ്ങളിലേക്കാൾ ഉണ്ടായി എന്നതും നമ്മുടെ വിജയത്തിന് കാരണമായിത്തീർന്നു.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഏറെ ഐക്യത്തോടെയാണ് ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. ചില അപസ്വരങ്ങൾ ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ നല്ല യോജിപ്പോടെ പ്രവർത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സ്ഥാനാർത്ഥി നിർണ്ണയത്തിൽ സംസ്ഥാന കമ്മിറ്റി നൽകിയ നിർദ്ദേശങ്ങൾ പൊതുവിൽ നടപ്പിലാക്കപ്പെട്ടു എന്നതും വിജയത്തിന് കാരണമായിത്തീർന്നു. നിരവധി പുതുമുഖ

ങ്ങളായ യുവജനങ്ങളെ അണിനിരത്തിക്കൊണ്ട് നാം നടത്തിയ ഇടപെടലും വലിയ നേട്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. ന്യൂനപക്ഷ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ഥാനാർത്ഥി ലിസ്റ്റ് തയ്യാറാക്കുന്നതിൽ നാം കാണിച്ച ശുഷ്കാന്തിയും വിജയത്തിന് കാരണമായിത്തീർന്നിട്ടുണ്ട്.

പുതിയ മേഖലകളിലേക്ക് ഇടപെട്ടുകൊണ്ട് നാം നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കി. മാലിന്യസംസ്കരണ പ്രവർത്തനം, ജൈവ പച്ചക്കറികൃഷി, സാന്ത്വന പരിചരണം തുടങ്ങിയ പ്രവർത്തനങ്ങൾ ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കി. പരമ്പരാഗതമായി നാം പിന്നോക്കം നിൽക്കുന്ന നഗരപ്രദേശങ്ങളിൽ ഉൾപ്പെടെ നാം മുന്നോട്ടുപോകുന്ന സ്ഥിതി ഉണ്ടായി. പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് ഇത്തരം മേഖലയിലെ മുന്നേറ്റത്തിന് ഇടയായിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന സമരങ്ങളും കയർ തൊഴിലാളി സമരവും കശുവണ്ടി തൊഴിലാളി സമരവും ഈ മേഖലയിൽ നമുക്ക് മുന്നേറാൻ ഇടയാക്കിയ ഘടകങ്ങളാണ്. റബ്ബർ മേഖലയിലെ അസംതൃപ്തിയും നമുക്ക് അനുകൂലമായി ജനങ്ങളുടെ മാറ്റത്തിന് സഹായകമായി.

അനുകൂലമായ രാഷ്ട്രീയ സ്ഥിതി സംഘടനാപരമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞ സ്ഥലങ്ങളിൽ നമുക്ക് വിജയമുണ്ടായിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ഈ തിരിച്ചടിയെ സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ തിരുത്തൽ നടത്തേണ്ടതുണ്ട്. പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പാർടി നേതാക്കൾ പരാജയപ്പെടുന്ന പ്രവണതയും ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായി. അതിന്റെ കാരണങ്ങളെ സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തിപ്പോകാൻ കഴിയേണ്ടതുണ്ട്.

സാമുദായിക സംഘടനകൾ പൊതുവിൽ നമുക്കെതിരായ നിലപാടാണ് സ്വീകരിച്ചത്. എസ്.എൻ.ഡി.പി നേതൃത്വം ശക്തമായ പ്രചാരവേല നമുക്കെതിരെ സംഘടിപ്പിച്ചു എങ്കിലും അതിനനുസരിച്ചുള്ള തിരിച്ചടി നമുക്കുണ്ടായിട്ടില്ല. എന്നാൽ, ചില കേന്ദ്രങ്ങളിൽ ഈ പ്രചരണം നമ്മുടെ വോട്ടർമാരെ സ്വാധീനിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്

എന്നതും കാണേണ്ടതാണ്. കെ.പി.എം.എസ് പോലുള്ള സംഘടനകളും നമുക്കെതിരായിരുന്നു. എങ്കിലും അതിനെ മറികടക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എൻ.എസ്.എസ് ശത്രുതാപരമായ നിലപാട് സ്വീകരിച്ചിരുന്നില്ല. മുസ്ലീം ന്യൂനപക്ഷം പൊതുവിൽ സാധാരണ തെരഞ്ഞെടുപ്പുകളിൽനിന്നും വ്യത്യസ്തമായി ഈ തെരഞ്ഞെടുപ്പിൽ നമുക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ക്രിസ്ത്യൻ വിഭാഗങ്ങളിൽനിന്ന് രൂക്ഷമായ എതിർപ്പ് നേരിടുന്ന സ്ഥിതിയുമുണ്ടായില്ല. അടിസ്ഥാന ജനവിഭാഗങ്ങൾ പാർടിക്കൊപ്പംതന്നെ നിലയുറപ്പിച്ചു എന്നാണ് കാണാനാകുന്നത്.

## യു.ഡി.എഫിന്റെ സ്ഥിതി

യു.ഡി.എഫിന് ഈ തെരഞ്ഞെടുപ്പിൽ വലിയ തിരിച്ചടിയാണ് ഉണ്ടായിട്ടുള്ളത്. 2004 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനു സമാനമായ വോട്ടിംഗ് ശതമാനമാണ് യു.ഡി.എഫിന് ഇപ്പോൾ ഉണ്ടായത്. ഇത് കാണിക്കുന്നത് യു.ഡി.എഫിന്റെ അടിത്തറയ്ക്ക് പലയിടത്തും പോറലേറ്റു എന്നതാണ്. എന്നാൽ, രാഷ്ട്രീയ സാഹചര്യം പലതരത്തിൽ എതിരായിട്ടും ജില്ലാ പഞ്ചായത്തുകളിൽ 7 എണ്ണം അവർക്ക് നിലനിർത്താനായി. നാം വിജയിക്കുമെന്ന് കണക്കാക്കിയ കാസർഗോഡ് യു.ഡി.എഫിന് ജയിക്കാൻ കഴിഞ്ഞതുകൊണ്ടാണ് 7 ജില്ലാ പഞ്ചായത്തുകൾ യു.ഡി.എഫിന് ലഭിക്കാനിടയായത്. യു.ഡി. എഫിന് പരമ്പരാഗതമായി പിന്തുണച്ചിരുന്ന ന്യൂനപക്ഷ വിഭാഗങ്ങളിൽ ഉണ്ടായ അസംതൃപ്തി അവരുടെ പ്രതീക്ഷയ്ക്ക് തിരിച്ചടിയേൽക്കാൻ കാരണമായിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് ഒറ്റക്കെട്ടായി മത്സരിച്ചു എന്ന് പറയാനാവില്ല. പലയിടങ്ങളിലും ഘടകകക്ഷികൾ തന്നെ ചേരിതിരിഞ്ഞ് മത്സരിക്കുന്ന സ്ഥിതിയാണുണ്ടായത്. പ്രധാന ഘടകകക്ഷിയായ മുസ്ലീം ലീഗും കോൺഗ്രസ്സും തമ്മിൽ നേർക്കുനേർ ഏറ്റുമുട്ടുന്ന സ്ഥിതിവിശേഷം വ്യാപകമായി ഉണ്ടായിരുന്നു. ബി. ജെ.പിക്കും കോൺഗ്രസ്സിനും എതിരായി നിലപാടെടുക്കുക എന്ന നമ്മുടെ നയം യു.ഡി.എഫിനിടയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് പലയിടങ്ങളിലും സഹായകമായിട്ടുണ്ട്. ഇക്കാര്യത്തിൽ നാം സ്വീക

രിച്ച രാഷ്ട്രീയ നയസമീപനം ശരിയായിരുന്നു എന്ന് തെരഞ്ഞെടു പ്പുഫലം അടിവരയിടുന്നു.

## ബി.ജെ.പിയുടെ പ്രകടനം

ബി.ജെ.പി ഈ തെരഞ്ഞെടുപ്പിൽ സാമുദായിക ശക്തികളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് വലിയ വിജയം നേടാമെന്നാണ് കണക്കാക്കി യിരുന്നത്. അരുവിക്കര ഉപതെരഞ്ഞെടുപ്പിലും നെയ്യാറ്റിൻകര ഉപ തെരഞ്ഞെടുപ്പിലും വോട്ടിംഗ് നിലയിലുണ്ടായ വർദ്ധനവ് ഇത്തര മൊരു ആത്മവിശ്വാസം രൂപപ്പെടുത്തുന്നതിന് ഇടയാക്കി. സാമുദാ യിക സംഘടനകളുമായി യോജിച്ചുനിന്നുകൊണ്ട് വലിയ വിജയത്തി ലേക്ക് നയിക്കാമെന്നും അവർ കണക്കുകൂട്ടി. എന്നാൽ, ഇത്തരം കണ ക്കുകൂട്ടലുകൾ അവർ പ്രതീക്ഷിച്ചതുപോലെ വിജയിച്ചില്ല. ബി.ജെ. പിയുടെ ശക്തികേന്ദ്രങ്ങളായ പ്രദേശങ്ങളിൽ വലിയ തിരിച്ചടി അവർക്ക് അനുഭവപ്പെട്ടു. ബി.ജെ.പി വിജയിക്കുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ച തിരുവനന്തപുരം കോർപ്പറേഷനിൽ ലോക്സഭാ തെര ഞ്ഞെടുപ്പിനെ അപേക്ഷിച്ച് വോട്ട് കുറയുന്ന സ്ഥിതിയാണുണ്ടായത്. പരമ്പരാഗതമായി ബി.ജെ.പിക്ക് ശക്തിയുള്ള കാസർഗോഡ് ജില്ലയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻവേണ്ടി കഴിഞ്ഞില്ല.

കേരളത്തിൽ ബി.ജെ.പി അധികാരത്തിൽ വന്ന പഞ്ചായത്തുക ളുടെ സ്ഥിതി പരിശോധിച്ചാൽ പരമ്പരാഗതമായി ബി.ജെ.പിക്ക് ശക്തി യില്ലാതിരുന്ന ഇടങ്ങളിലേക്കും ഈ തെരഞ്ഞെടുപ്പിൽ കടന്നുകയറാ നായി എന്നതാണ് വസ്തുത. പുതിയ പല മേഖലയിലും അക്കൗണ്ട് തുറക്കാൻ ബി.ജെ.പിക്ക് കഴിഞ്ഞു എന്നത് ഗൗരവകരമായി കാണേ ണ്ടതുണ്ട്. സംസ്ഥാനത്ത് വ്യാപകമായി നിലയുറപ്പിക്കുന്നതിന് ബി. ജെ.പിയെ സഹായിച്ചത് സാമുദായിക സംഘടനകളുമായുള്ള ബന്ധ മാണ്. ബി.ജെ.പി ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കിയ പല പദ്ധതികളുടെയും ഫലമായിട്ടാണ് ഇത്തരമൊരു സ്ഥിതിവിശേഷം ഉണ്ടാക്കിയത് എന്ന് കാണണം. ആരാധനാലയങ്ങളെ കൈപ്പിടിയി ലൊതുക്കിക്കൊണ്ട് മതവിശ്വാസികളെ കൂടെ നിർത്തുന്നതിന് നടത്തിയ പരിശ്രമം പലയിടങ്ങളിലും സീറ്റുകൾ നേടുന്നതിന് സഹാ

യിച്ചിട്ടുണ്ട്. ആർ.എസ്.എസ് നേരിട്ട് പ്രവർത്തനം ഏറ്റെടുക്കുകയാണുണ്ടായത്.

യു.ഡി.എഫുമായി പലയിടങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും ബി.ജെ.പി സഖ്യമുണ്ടാക്കി. അതിന്റെ ഫലമായി കോൺഗ്രസ്സിന്റെ വോട്ടുകൾ പലയിടങ്ങളിലും സ്വായത്തമാക്കാൻ ബി.ജെ.പിക്ക് കഴിഞ്ഞു. കോൺഗ്രസ്സിന്റെ അഴിമതിയിൽ മുങ്ങിക്കുളിച്ച നിലപാടുകളോട് എതിർപ്പുള്ളവരും ഇടതുപക്ഷവുമായി പരമ്പരാഗതമായി യോജിക്കാതെ നിൽക്കുകയും ചെയ്യുന്ന വിഭാഗങ്ങളുടെ വോട്ടുകളും ബി.ജെ.പിക്ക് അനുകൂലമായി മാറുന്ന സ്ഥിതിയും ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായിട്ടുണ്ട്. കേരളത്തിൽ കുറെക്കാലമായി അവർ നടത്തിക്കൊണ്ടിരിക്കുന്ന വർഗീയ പ്രചരണങ്ങൾക്കും കള്ള പ്രചരണങ്ങൾക്കും ജനങ്ങളെ ഒരളവുവരെ സ്വാധീനിക്കാനാവുന്നു എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഈ തെരഞ്ഞെടുപ്പിലാണ് ബി.ജെ.പിക്ക് ഏറ്റവുമധികം വോട്ടും, വോട്ടിംഗ് ശതമാനവും നേടാനായത് എന്നത് ഓർക്കേണ്ടതുണ്ട്. ബി.ജെ.പിക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ലഭിച്ച വോട്ടുകളുടെ എണ്ണവും ശതമാനവും താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 2010 തദ്ദേശ സ്വയംഭരണം | 11,29,518 | 6.17 |
| 2011 നിയമസഭ | 10,57,294 | 6.08 |
| 2014 പാർലമെന്റ് | 19,44,204 | 10.83 |
| 2015 തദ്ദേശ സ്വയംഭരണം | 28,07,320 | 14.21 |

പല പുതിയ പ്രദേശങ്ങളിലും ബി.ജെ.പിക്ക് കടന്നുകയറാനായി എന്നത് ഗൗരവമായി കാണേണ്ടതുണ്ട്.

## മറ്റു പല സംഘടനകളുടെയും പ്രകടനം

ഈ തെരഞ്ഞെടുപ്പിൽ സജീവമായി ഉണ്ടായിരുന്ന വിഭാഗമായി

രുന്നു എസ്.ഡി.പി.ഐ, ജമാഅത്തെ ഇസ്ലാമി, ആംആദ്മി പാർടി തുടങ്ങിയവ. ഇതിൽ എസ്.ഡി.പി.ഐ, ജമാഅത്തെ ഇസ്ലാമി തുടങ്ങിയ സംഘടനകൾക്ക് അവരുടെ വോട്ട് വർദ്ധിപ്പിക്കാനായി എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ജമാഅത്തെ ഇസ്ലാമി ഓരോയിടത്തും തരംപോലെയുള്ള നിലപാടുകളാണ് സ്വീകരിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ ചിലയിടങ്ങളിൽ സ്വാധീനം അറിയിച്ച ആംആദ്മി പാർടിക്ക് ഈ തെരഞ്ഞെടുപ്പിൽ വലിയ നേട്ടങ്ങളൊന്നും ഉണ്ടാക്കാനായില്ല. ദളിത് സംഘടനകൾക്കും വലിയ നേട്ടമൊന്നും ഉണ്ടാക്കാനായില്ല. മറ്റൊരു സവിശേഷമായ സ്ഥിതിവിശേഷമുണ്ടായത് എറണാകുളത്തെ ട്വന്റി ട്വന്റിയുടെ വിജയമാണ്. കോർപ്പറേറ്റ് രാഷ്ട്രീയത്തിന്റെ പിന്നിൽ ജനങ്ങളെ അണിനിരത്തുന്ന രാഷ്ട്രീയ നയമാണ് ഇത് മുന്നോട്ടുവച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള പ്രവണതകൾ പലയിടത്തും ഇനിയും പ്രത്യക്ഷപ്പെടാം. അത്തരം പ്രവണതകളെ നേരത്തെ തന്നെ മനസ്സിലാക്കി ഇടപെടുന്നതിന് നമുക്ക് കഴിയണം.

## തിരുത്തപ്പെടേണ്ട ദൗർബല്യങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പൊതുവിൽ നല്ല വിജയം എൽ.ഡി.എഫിന് നേടാൻ കഴിഞ്ഞു എങ്കിലും വിജയത്തിനിടയിലും നമുക്ക് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുക എന്നത് ഭാവി പ്രവർത്തനങ്ങൾ നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് അനിവാര്യമാണ്.

നമ്മുടെ തെരഞ്ഞെടുപ്പ് നയമായി പ്രഖ്യാപിച്ചത് ബി.ജെ.പിക്കും കോൺഗ്രസ്സിനും എതിരായി ജനങ്ങളെ അണിനിരത്തുക എന്നതാണ്. പ്രാദേശികമായി ഇക്കാര്യത്തിൽ ചില മാറ്റങ്ങൾ അപൂർവ്വം ചില ഇടങ്ങളിലെങ്കിലും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രവണതകൾ പൊതുവായ നമ്മുടെ വളർച്ചയ്ക്കും മുന്നോട്ടുപോക്കിനും തടസ്സം സൃഷ്ടിക്കുന്നതാണ്. ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ അതാതിടങ്ങളിൽ നടത്തേണ്ടതായിട്ടുണ്ട്.

നമ്മെ പരാജയപ്പെടുത്തുന്നതിന് സാമുദായികമായ ധ്രുവീകരണം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾ നടക്കുന്ന കാര്യം സംസ്ഥാന കമ്മിറ്റി

കീഴ്ഘടകങ്ങളിൽ റിപ്പോർട്ട് ചെയ്തിരുന്നു. എസ്.എൻ.ഡി.പി ഉൾപ്പെടെയുള്ള സംഘടനകൾ ബി.ജെ.പിയുമായി സന്ധി ചെയ്യുന്നതിന്റെ രാഷ്ട്രീയം തുറന്നുകാട്ടിക്കൊണ്ടുള്ള ശക്തമായ പ്രചരണ പരിപാടി സംസ്ഥാന കമ്മിറ്റി നടത്തിയിരുന്നു. പാർടി നേതാക്കൾ തന്നെ ഇത്തരം തുറന്നുകാട്ടലുകൾക്ക് നേതൃത്വം നൽകിയിരുന്നു. ലേഖനങ്ങളും ലഘുലേഖകളും ഇതുമായി ബന്ധപ്പെട്ട് നാം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തുടനീളം പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഇടപെടൽ നടക്കുകയും ചെയ്തു. അത്തരം തുറന്നുകാട്ടലുകൾ നടന്ന ഇടങ്ങളിൽ നമുക്ക് മുന്നേറാനായി.

പാർടി പൊതുവിൽ ഒറ്റക്കെട്ടായിത്തന്നെ ഈ തെരഞ്ഞെടുപ്പിനെ നേരിട്ടുണ്ട്. എന്നാൽ, ചില പ്രദേശങ്ങളിൽ പ്രാദേശികമായ വിഭാഗീയ പ്രവണതകൾ നിലനിന്നതായി കാണാം. സംഘടനാപരമായ പരിശോധനകൾ വേണ്ട സ്ഥലത്ത് അവ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തുക എന്നതും പ്രധാനപ്പെട്ട കാര്യമാണ്.

സംസ്ഥാന കമ്മിറ്റി സ്ഥാനാർത്ഥി നിർണ്ണയത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുകളും മാനദണ്ഡങ്ങളും നിശ്ചയിച്ചിരുന്നു. അതനുസരിച്ച് സ്ഥാനാർത്ഥി നിർണ്ണയം നടത്തിയ ഇടങ്ങളിലെല്ലാം നല്ല വിജയം നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി പുതുമുഖങ്ങൾ എതിരാളികളുടെ ശക്തികേന്ദ്രങ്ങളിൽ പോലും ജയിച്ചുവരുന്ന സ്ഥിതി നാം സ്വീകരിച്ച ഇത്തരം സമീപനത്തിന്റെ ഫലമായിട്ടാണുണ്ടായത്. ജനകീയ അംഗീകാരമുള്ളവരെ പ്രാദേശിക തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇക്കാര്യത്തിൽ വലിയ വീഴ്ച ചിലയിടങ്ങളിലെങ്കിലും ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമുക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ മത്സരിച്ച് മൂന്നാം സ്ഥാനത്തേക്ക് പോയ സ്ഥാനാർത്ഥികളെപ്പോലും വീണ്ടും നമ്മുടെ സ്വാധീന സ്ഥലങ്ങളിൽ മത്സരിപ്പിച്ച് വലിയ പരാജയം ഏറ്റുവാങ്ങിയ സ്ഥിതി അപൂർവ്വം ചിലയിടങ്ങളിലെങ്കിലുമുണ്ട്. ഇത്തരം തെറ്റുകൾ ഭാവിയിൽ ആവർത്തിക്കാൻ പാടില്ല.

പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പാർടി നേതാക്കൾ മത്സരിച്ചിട്ടുണ്ടായിരുന്നു. സ്ഥാപനങ്ങളുടെ നേതൃതലത്തിലേക്ക് നിശ്ച

യിക്കുക എന്ന കാഴ്ചപ്പാടോടെയാണ് ഇത് ചെയ്തിരുന്നത്. ഇത് ഏറ്റവും ശരിയായ സമീപനവുമാണ്. എന്നാൽ, ഇത്തരത്തിൽ നിശ്ച യിക്കപ്പെട്ട പല സ്ഥാനാർത്ഥികളും മൊത്തം വിജയമുണ്ടാകുമ്പോഴും പരാജയപ്പെട്ടുപോകുന്ന സ്ഥിതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങ ളിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം പരാജയങ്ങൾ പ്രത്യേക പരിശോധ നയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

ജനങ്ങളുമായി ഇടപഴകി പോകുക എന്നത് കമ്മ്യൂണിസ്റ്റ് പാർടി യുടെ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനപ്പെട്ട ഒന്നാ ണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളായി തെര ഞ്ഞെടുക്കപ്പെടുന്ന പലരും ജനങ്ങളിൽനിന്ന് അകന്നുപോകുന്നു എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. പല ആരോപണങ്ങളും ഉയർന്നുവരു മ്പോൾ യഥാസമയം അവ പരിശോധിച്ച് തിരുത്തുന്നതിനും വ്യാജമായ ആരോപണങ്ങളുടെ നിജസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്തുന്ന തിലും പോരായ്മ വന്നിടത്തും തിരിച്ചടി ഉണ്ടായിട്ടുണ്ട് എന്ന സ്ഥിതിയും കാണാവുന്നതാണ്. ഇത്തരം കാര്യങ്ങളിൽ പാർടി ഗൗര വപൂർവ്വം ഇടപെടുകയും യഥാസമയം തിരുത്തലുകൾ വരുത്തേണ്ട തിന്റെ പ്രാധാന്യത്തിലേക്കുമാണ് ഇത് വിരൽ ചൂണ്ടുന്നത്.

വിവിധ കാരണങ്ങളാൽ നമ്മുടെ പാർടിയിൽനിന്ന് അകന്നു പോയ വ്യക്തികളേയും വിഭാഗങ്ങളേയും കൂട്ടിയോജിപ്പിക്കാൻ ശ്രമി ക്കണമെന്ന കാര്യം നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇത്തരം കാര്യങ്ങൾ ഫലപ്രദമായി താഴെ തട്ടിൽ നടന്നിട്ടുണ്ടോ എന്ന പരിശോധന നടത്തേണ്ടതുണ്ട്. അതോടൊപ്പംതന്നെ, പുതിയ ജന വിഭാഗങ്ങൾ ഈ തെരഞ്ഞെടുപ്പിൽ പാർടിക്കൊപ്പം അണിനിരന്നിട്ടു ണ്ട്. അത്തരം വിഭാഗങ്ങളെയും വ്യക്തികളേയും പ്രത്യേകമായി തന്നെ മനസ്സിലാക്കി അവർക്കുണ്ടായ അനുഭാവം ഉറപ്പിച്ചുനിർത്തു ന്നതിനും അവരുമായി നിരന്തരം ബന്ധം സ്ഥാപിക്കുന്നതിനും പാർടി കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ആരാധനാലയങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ സ്വാധീനമുറപ്പിക്കുന്നതിന് വർഗീയ ശക്തികൾ പരിശ്രമം നടത്തുന്നു ണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ പ്ലാനിങ്ങോടുകൂടിയാണ് ആർ.എസ്.

എസ് നീങ്ങുന്നതെന്ന് കാണാവുന്നതാണ്. ഈ തെരഞ്ഞെടുപ്പിൽ ബി.ജെ.പി വിജയിച്ച വാർഡുകൾ പരിശോധിച്ചാൽ ജയിച്ച പല വാർഡുകളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ് എന്ന് കാണാവുന്നതാണ്. ആർ.എസ്.എസിന്റെ സർസംഘ ചാലക് മോഹൻ ഭഗവത് പങ്കെടുത്ത യോഗത്തിൽ എടുത്ത തീരുമാനം ഇത്തരം മേഖലകൾ കേന്ദ്രീകരിക്കണം എന്നതാണ്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ട് വിശ്വാസികളെ വർഗീയശക്തികളുടെ കൈകളിലേക്ക് എത്തിക്കുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ബോധപൂർവ്വം നാം സംഘടിപ്പിക്കണം.

## സംഘടനാപരമായ തയ്യാറെടുപ്പിൽ വന്ന പോരായ്മകൾ

അനുകൂലമായ രാഷ്ട്രീയ സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും പ്രതികൂല ഘടകങ്ങളെ മറികടക്കുന്നതിനും ചിട്ടയായ സംഘടനാ പ്രവർത്തനം നടത്തുക എന്നത് പ്രധാനമാണ്. തെരഞ്ഞെടുപ്പിന് പാർടി സജ്ജമാക്കുന്നതുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ നാം തീരുമാനിച്ചിരുന്നു. എന്നാൽ, അത് വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്ന ദൗർബല്യം നിലനിൽക്കുന്നു.

സംസ്ഥാന കമ്മിറ്റി നിശ്ചയിച്ചതുപോലെ ബൂത്തുകളിലും ലോക്കൽ കമ്മിറ്റികളിലും മുഴുവൻ സമയ പ്രവർത്തകരെ നിശ്ചയിക്കണം എന്ന കാഴ്ചപ്പാട് പല പ്രദേശങ്ങളിലും നടന്നിട്ടില്ല. സംഘടനാ പ്രവർത്തനത്തെ ചിട്ടപ്പെടുത്തുന്ന കാര്യത്തിൽ വന്നിട്ടുള്ള ദൗർബല്യങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അനുകൂലമായ രാഷ്ട്രീയ സാഹചര്യത്തെ ഉപയോഗപ്പെടുത്തുന്നതിനും എതിർപ്പുകളെ മറികടക്കുന്നതിനും ചിട്ടയായ സംഘടനാ പ്രവർത്തനം അനിവാര്യമാണ് എന്ന ബോധത്തോടെ ഇടപെടുന്നതിൽ വന്നിട്ടുള്ള പോരായ്മയാണ് ഇതിന് പ്രധാനപ്പെട്ട കാരണം. പൂർണ്ണസമയ പ്രവർത്തകർക്ക് അലവൻസ് നൽകുന്നതിന് ആവശ്യമായ ഫണ്ട് പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ പ്രശ്നവും ഇതിനു പിന്നിലുണ്ട്. ബി.ജെ.പി പോലുള്ള സംഘടനകൾ അവർക്ക് സ്വാധീനമില്ലാത്ത മേഖലയിലും സ്വാധീനമുറപ്പിക്കുന്നതിന് പൂർണ്ണസമയ പ്രവർത്തകരെയാണ് ഉപ

യോഗിക്കുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട് ഈ രംഗത്തെ ഇടപെടൽ ശക്തിപ്പെടുത്താനാവണം. ഈ പോരായ്മ തിരുത്തി പോകേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതിനു പകരം ഇതിന്റെ പ്രായോഗികതയെക്കുറിച്ച് ചർച്ച ചെയ്ത് സമയം കളയുന്നതിനാണ് പല കമ്മിറ്റികളും തയ്യാറായിട്ടുള്ളത്.

വർഗ–ബഹുജനസംഘടനകൾ സ്ക്വാഡുകളായി ബന്ധപ്പെട്ട വിഭാഗങ്ങളുമായി ഇടപെടണം എന്ന് നിശ്ചയിച്ചിരുന്നു. ബൂത്തുതലത്തിൽ തന്നെ ഇത്തരം പ്രവർത്തനം ആസൂത്രണം ചെയ്യണം എന്നാണ് വ്യക്തമാക്കിയിരുന്നത്. എന്നാൽ, ഇത്തരം സ്ക്വാഡുകൾ സംഘടിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുന്നതിൽ വലിയ പോരായ്മയാണ് സംസ്ഥാനത്തുടനീളം ഉണ്ടായത്. അതാത് മേഖലയിലെ ആളുകളുമായി സംവദിക്കാൻ കൂടി കിട്ടിയ ഈ അവസരം വേണ്ടത്ര ഫലപ്രദമായി ഉപയോഗിക്കാനായില്ല എന്ന ദൗർബല്യം ഉണ്ടായി.

ചെറുപ്പക്കാരുടെ പങ്കാളിത്തത്തിൽ അടുത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ വലിയ മുന്നേറ്റം നമുക്ക് നേടാനായിട്ടുണ്ട്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി യുവജനമേഖലയിലെ ഇടപെടൽ കൂടുതൽ ഫലപ്രദമായി നടത്താൻ കഴിയേണ്ടതുണ്ട്. നവമാധ്യമം പോലുള്ള പുതിയ തലമുറയെ ഏറെ ആകർഷിക്കുന്ന മേഖലകളിൽ ഫലപ്രദമായ പ്രവർത്തനം നടത്താൻ കഴിയണം.

വലതുപക്ഷശക്തികളുടെ വിജയത്തിന് കാരണമായിത്തീരുന്നത് പലപ്പോഴും മാധ്യമങ്ങൾ നടത്തുന്ന പ്രചരണങ്ങളാണ് എന്നതാണ് വസ്തുത. ഈ പ്രചരണങ്ങളെ മറികടക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് ദേശാഭിമാനി നിലവിലുള്ള കോപ്പിക്കു പുറമെ കോർപ്പറേഷനിലെ ഡിവിഷനിൽ ചുരുങ്ങിയത് 100 പത്രവും മുനിസിപ്പൽ വാർഡിൽ 75 പത്രവും പഞ്ചായത്ത് വാർഡിൽ 50 പത്രവും ചേർക്കണമെന്ന് നിശ്ചയിച്ചിരുന്നു. കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും 10,000 വീതം പത്രം ഉണ്ടെങ്കിൽ ഓരോ എഡിഷൻ പ്രത്യേകമായി പ്രസിദ്ധീകരിക്കുമെന്നും തീരുമാനിച്ചിരുന്നു. ഈ പ്രവർത്തനം ഗൗരവപൂർവ്വം ഏറ്റെടുക്കുന്നതിൽ വലിയ പോരായ്മയാണ് ഉണ്ടായിട്ടുള്ളത്.

# ജില്ലകളിലെ സ്ഥിതി

## തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ വലിയ മതിപ്പുണ്ടാകുന്ന വിജയമാണ് നേടിയെടുക്കാനായത്. തിരുവനന്തപുരം കോർപ്പറേഷനിൽ ഭരണം നിലനിർത്താനായിട്ടുണ്ടെങ്കിലും ഭൂരിപക്ഷം നേടാനായില്ല എന്നത് വിജയത്തിന്റെ തിളക്കം കുറയ്ക്കുന്ന സ്ഥിതിയുണ്ടായി. 2015–ൽ ആകെ 51 ഗ്രാമപഞ്ചായത്തുകൾ നാം വിജയിച്ചു. ഇത് കഴിഞ്ഞ തവണത്തേക്കാൾ 19 എണ്ണം കൂടുതലാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ 4 എണ്ണത്തിന്റെ വർദ്ധനവുണ്ടായി. 2010–ൽ നഷ്ടപ്പെട്ട ജില്ലാപഞ്ചായത്ത് തിരിച്ചുപിടിക്കാനും സാധിച്ചു. കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിന്റെ അതേ വാർഡുകളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തെരഞ്ഞെടുപ്പ് നടന്നത് എന്ന സവിശേഷത ഇവിടെയുണ്ട്.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| തിരുവനന്തപുരം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 26 | 12 | 14 | 0 | 0 | 26 | 19 | 6 | 1 | 0 |
| ബ്ലോക്ക് പഞ്ചാ: | 11 | 5 | 6 | 0 | 0 | 11 | 9 | 2 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 73 | 32 | 39 | 0 | 2 | 73 | 51 | 18 | 4 | 0 |
| മുനിസിപ്പാലിറ്റി | 4 | 2 | 2 | 0 | 0 | 4 | 4 | 0 | 0 | 0 |
| കോർപ്പ: സീറ്റ് | 100 | 51 | 40 | 6 | 3 | 100 | 43 | 21 | 34 | 2 |

ജില്ലയിൽ ബി.ജെ.പിക്ക് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ലഭിച്ച മുന്നേറ്റം നിലനിർത്താനായിട്ടില്ല. എന്നാൽ, കഴിഞ്ഞ തദ്ദേശ സ്വയം

ഭരണ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 2015–ൽ മുന്നേറ്റമുണ്ടായി. ജില്ലാപഞ്ചായത്തിലെ വെങ്ങാനൂർ ഡിവിഷൻ നേടാനും ബി.ജെ.പിക്ക് കഴിഞ്ഞു. ഇതിന് ഇടയാക്കിയത് ആ ഡിവിഷനിലെ സംഘടനാ ദൗർബല്യമാണ്. ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 4 ഗ്രാമപഞ്ചായത്തുകളുടെ ഭരണം ബി.ജെ.പി നേടുകയുണ്ടായി. 156 വാർഡുകളിലും അവർ വിജയിക്കുന്ന സ്ഥിതിയുണ്ടായി. കല്ലിയൂർ പോലുള്ള പാർടിയുടെ ശക്തികേന്ദ്രമായിരുന്ന പഞ്ചായത്തിൽ ബി.ജെ.പി മുന്നേറി എന്നത് ഗൗരവകരമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ചില മേഖലകളിലെ ബി.ജെ.പിയുടെ വളർച്ചയ്ക്കു പിന്നിൽ നമ്മുടെ സംഘടനാപരമായ ദൗർബല്യങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. ഇക്കാര്യത്തിൽ ഗൗരവകരമായ തിരുത്തലുകൾ ജില്ലയിലുടനീളം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. എസ്.എൻ.ഡി.പി നേതൃത്വത്തിന്റെ ഇടപെടൽ നമ്മുടെ അടിത്തറയിൽ കടന്നുകയറാതിരിക്കാൻ മുൻകരുതലുകൾ എടുത്ത ഇടങ്ങളിൽ നമുക്ക് മുന്നേറാനായി. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് നാം നൽകിയ നിർദ്ദേശങ്ങൾ അവഗണിച്ച് സ്വയം തീരുമാനങ്ങളുമായി മുന്നോട്ടു പോയ ഇടങ്ങളിൽ നമുക്ക് നഷ്ടമുണ്ടാവുകയും ചെയ്തു എന്ന സ്ഥിതിയാണുള്ളത്. ഇത് കാണിക്കുന്നത് ശരിയായ രാഷ്ട്രീയ നയം വിശദീകരിക്കുന്നതിനും സാമുദായിക സംഘടനകളുടെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതിനും ഗൗരവമായ ഇടപെടൽ ഉണ്ടാവണം എന്നതാണ്.

പല ജാതിസംഘടനകളും നമ്മുടെ അടിസ്ഥാന ജനവിഭാഗങ്ങളിലേക്ക് കടന്നുകയറുന്ന പ്രവണത ചില മേഖലകളിലെങ്കിലും സജീവമായിട്ടുണ്ട്. ഇത് മനസ്സിലാക്കി ഇടപെടുക എന്നതും പ്രധാനമാണ്. ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.എഫിന് വിജയമുണ്ടായിട്ടുണ്ടെങ്കിലും ഭൂരിപക്ഷത്തിന്റെ കാര്യത്തിൽ ഏറെ മുന്നോട്ടുപോകാനായില്ല.

സ്ഥാനാർത്ഥി നിർണ്ണയ കാര്യത്തിൽ ജനങ്ങളുടെ വികാരം കൂടി പരിഗണിച്ച് തീരുമാനങ്ങൾ കൈക്കൊണ്ട ഇടങ്ങളിൽ ഭേദപ്പെട്ട വിജയം നേടാനായി എന്നതാണ്. എന്നാൽ, ഇത്തരമൊരു സമീപനം

സ്വീകരിക്കുന്നതിനു പകരം സ്ഥാനാർത്ഥികളെ അടിച്ചേൽപ്പിച്ച ഇടങ്ങളിൽ പരാജയപ്പെടുന്ന സ്ഥിതിയും ഉണ്ടായി. ഇത്തരം കാര്യങ്ങളെ ഗൗരവമായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ ഉണ്ടാവേണ്ടതുണ്ട്. കോർപ്പറേഷനിൽ ഭൂരിപക്ഷം നേടാനാവാത്തത് നമുക്ക് തിരിച്ചടിയായി. കോർപ്പറേഷനിലെ വിധിയെഴുത്ത് ഗൗരവമായി പരിശോധിച്ച് ഓരോ ഇടത്തും ആവശ്യമായ തിരുത്തലുകൾ വരുത്താൻ കഴിയണം. കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ പാർടി നിശ്ചയിച്ച നേതാക്കൾ പരാജയപ്പെട്ട സ്ഥിതി പരിശോധിക്കപ്പെടണം. അപൂർവ്വം ചിലയിടങ്ങളിൽ വിഭാഗീയമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തണം. സ്ഥിരമായി നാം ജയിച്ചുവരുന്ന ചില പഞ്ചായത്തുകൾ നഷ്ടപ്പെട്ടു എന്നത് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പിലെ പോളിംഗ് മെഷിനറിയുടെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കാൻ കഴിയാതിരുന്നതും ചിലയിടങ്ങളിൽ പരാജയത്തിന് ഇടയാക്കിയിട്ടുണ്ട്. ഈ ദൗർബല്യവും തിരുത്താനാവണം. വാർഡ്-ലോക്കൽ തലങ്ങളിൽ പൂർണ്ണസമയ പ്രവർത്തകരെ നിശ്ചയിക്കുന്നതിലും അവർക്ക് അലവൻസ് നൽകുന്നതിന് ആവശ്യമായ തുക പിരിച്ചെടുക്കുന്നതിലും ഉണ്ടായിട്ടുള്ള പോരായ്മ ഇതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.

## കൊല്ലം

കൊല്ലം ജില്ലയിൽ സങ്കീർണ്ണമായ ചില രാഷ്ട്രീയ സ്ഥിതിവിശേഷം നിലനിന്ന സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. എസ്.എൻ.ഡി.പിയിലെ ഒരു വിഭാഗത്തെ കൂടെ ചേർത്തുകൊണ്ട് ഒരു മുന്നണി എന്ന നിലയിൽ ബി.ജെ.പി സജീവമായി മത്സരിച്ച ജില്ലയായിരുന്നു ഇത്. യു.ഡി.എഫുമായി ചിലയിടങ്ങളിൽ പരസ്യമായ ധാരണയും അവർക്കുണ്ടായിരുന്നു. കൊല്ലം ജില്ലയിലെ പല മേഖലയിലും സ്വാധീനമുള്ള ആർ.എസ്.പി ഇടതുപക്ഷ മുന്നണി വിട്ട് യു.ഡി.എഫുമായി ചേർന്നശേഷമുള്ള ആദ്യത്തെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് കൂടിയായിരുന്നു ഇത്. ഈ സ്ഥിതിവിശേഷത്തെ ഫലപ്രദമായി മറികടക്കുന്നതിന് ജില്ലയിൽ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പരിണി

തഫലമാണ് കൊല്ലം ജില്ലയിലുണ്ടായ മികച്ച വിജയം. രാഷ്ട്രീയ വഞ്ചന കാണിച്ച ആർ.എസ്.പിക്ക് തിരിച്ചടി നൽകാനായി എന്നതും കൊല്ലം ജില്ലയിലെ തെരഞ്ഞെടുപ്പ് വിജയത്തിന്റെ രാഷ്ട്രീയ നേട്ട ങ്ങളിലൊന്നാണ്.

2010 ലെ തെരഞ്ഞെടുപ്പിൽ 42 ഗ്രാമപഞ്ചായത്തുകളാണ് ഉണ്ടാ യിരുന്നത്. 2015–ൽ അത് 61 ആയി വർദ്ധിച്ചു. എല്ലാ ബ്ലോക്ക് പഞ്ചാ യത്തുകളിലും നമുക്ക് ഭരണം കിട്ടി. ജില്ലാപഞ്ചായത്തിൽ പാർടിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം നേടാനായി എന്നതും അഭിമാനകരമായ നേട്ടം തന്നെയാണ്. കോർപ്പറേഷനിൽ മികച്ച ഭൂരിപക്ഷത്തോടെ വിജയി ക്കാനായതും എല്ലാ മുനിസിപ്പാലിറ്റികളും നമുക്കൊപ്പം നിർത്താനാ യതും ശ്രദ്ധേയമാണ്.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങ നെയാണ്:

| കൊല്ലം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ള വർ | ആകെ | LDF | UDF | BJP | മറ്റുള്ള വർ |
| ജില്ലാ പഞ്ചാ: സീറ്റ് | 26 | 18 | 8 | 0 | 0 | 26 | 22 | 4 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 11 | 8 | 3 | 0 | 0 | 11 | 11 | 0 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 70 | 42 | 28 | 0 | 0 | 68 | 61 | 7 | 0 | 0 |
| മുനിസിപ്പാലിറ്റി | 3 | 2 | 1 | 0 | 0 | 4 | 4 | 0 | 0 | 0 |
| കോർപ്പ: സീറ്റ് | 55 | 34 | 19 | 0 | 2 | 55 | 36 | 16 | 2 | 1 |

**ജില്ലയിൽ മികച്ച വിജയം നേടാനായിട്ടുണ്ടെങ്കിലും ഉണ്ടായിട്ടുള്ള ദൗർബല്യങ്ങളെ വിലയിരുത്തി പരിഹരിക്കുന്നതിലൂടെ മാത്രമേ ഈ വിജയം നിലനിർത്താനും കൂടുതൽ മുന്നോട്ടുപോകാനും കഴിയുക യുള്ളൂ. ഈ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് വോട്ടിലുണ്ടായ കുറ വാണ് നമ്മുടെ വിജയത്തിന് പ്രധാന കാരണമായിത്തീർന്നിട്ടുള്ളത്.**

ജില്ലയിലെ മറ്റൊരു പ്രധാന പ്രവണത ബി.ജെ.പിക്ക് വൻതോതിൽ വോട്ട് വർദ്ധിച്ചു എന്നതാണ്. യു.ഡി.എഫിന്റെ വോട്ടിൽ വലിയ ശതമാനം ബി.ജെ.പിക്ക് പോവുകയുണ്ടായി. നമ്മുടെ കുറച്ച് വോട്ടുകളും ഇത്തരത്തിൽ സ്വാധീനിക്കാൻ ബി.ജെ.പി-എസ്.എൻ.ഡി.പി സഖ്യത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതാണ്. അതുകൊണ്ടുതന്നെ, ഈ വസ്തുത കണക്കിലെടുത്തുകൊണ്ടുള്ള പരിശോധനയും തിരുത്തലുകളും താഴെ തലത്തിൽ വരെ നടത്തി പോകാൻ കഴിയണം.

ജില്ലയിൽ വലിയ വിജയമുണ്ടാകുമ്പോഴും വന്നിട്ടുള്ള മറ്റു ചില ദൗർബല്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. പല പഞ്ചായത്തുകളിലും നമ്മുടെ സീറ്റുകൾ കുറഞ്ഞതും പരമ്പരാഗത ശക്തികേന്ദ്രങ്ങളിൽ ഉണ്ടായ പുറകോട്ടടിയും പ്രത്യേക പരിശോധനയ്ക്ക് വിധേയമാവണം. പ്രധാനപ്പെട്ട പല പ്രാദേശിക നേതാക്കളും പരാജയപ്പെട്ടതും സ്ഥിരമായി മത്സരിക്കുന്ന പലരും തോൽക്കുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ടെന്ന് കൊല്ലം ജില്ലാ റവ്യൂ റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇത്തരം കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കണം. ചില പ്രദേശങ്ങളിൽ പാർടിക്കകത്തുള്ള വിഭാഗീയതയും സംഘടനാ ദൗർബല്യങ്ങളും പരാജയത്തിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പ്രാദേശിക തലത്തിൽ തന്നെ പരിശോധിച്ച് ആവശ്യമായ ഇടപെടലുകൾ നടത്താനാവണം.

തെരഞ്ഞെടുപ്പ് പ്രവർത്തനം പൊതുവിൽ നടന്നിട്ടുണ്ടെങ്കിലും ഫണ്ട് പ്രവർത്തനങ്ങളിൽ ഉൾപ്പെടെ പോരായ്മകൾ ഉണ്ടായിട്ടുണ്ട്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകൾ ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഭാവിയിൽ അത് തിരുത്താനാകണം. കോളനി പ്രദേശങ്ങളിൽ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ മാത്രം കടന്നു ചെല്ലുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. അവ തിരുത്താനാവണം. ദേശാഭിമാനി പത്രപ്രചരണത്തിന്റെ കാര്യത്തിൽ വലിയ വീഴ്ചയാണുണ്ടായത്. 5012 പത്രം മാത്രമാണ് ചേർത്തത്. ശൂരനാട് പോലുള്ള ഏരിയകളിൽ ഉണ്ടായ വീഴ്ച ഗൗരവകരമാണ്. എൽ.ഡി.എഫ് പൊതുവിൽ നല്ല ഐക്യത്തോടെ പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതും ജില്ലയിൽ ഉയർന്നുവന്ന വെല്ലുവിളിയെ അതിജീവിക്കുന്നതിന് സഹായകമായിട്ടുണ്ട്.

## പത്തനംതിട്ട

2015 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിനേക്കാൾ മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2010–ൽ 14 ഗ്രാമപഞ്ചായത്തുകളിലായിരുന്നു വിജയിച്ചതെങ്കിൽ ഇത്തവണ അത് 28 ആക്കി മാറ്റാൻ കഴിഞ്ഞു. 2010–ൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ മാത്രമാണ് വിജയിച്ചതെങ്കിൽ ഇത്തവണ അത് 3 ആയി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| പത്തനംതിട്ട | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 17 | 8 | 9 | 0 | 0 | 16 | 5 | 11 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 8 | 1 | 7 | 0 | 0 | 8 | 3 | 5 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 54 | 14 | 40 | 0 | 0 | 53 | 28 | 21 | 2 | 2 |
| മുനിസിപ്പാലിറ്റി | 3 | 0 | 3 | 0 | 0 | 4 | 2 | 2 | 0 | 0 |

കഴിഞ്ഞ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് മുന്നേറ്റമുണ്ടായി എങ്കിലും നാം കണക്കുകൂട്ടിയിരുന്ന വിജയം ഇത്തവണ ഇവിടെ ഉണ്ടായില്ല. 25 ഗ്രാമപഞ്ചായത്തുകളിൽ വിജയിക്കുമെന്നായിരുന്നു കണക്കുകൂട്ടിയത്. ജില്ലാപഞ്ചായത്തിലാവട്ടെ 10 ഡിവിഷനുകൾ വിജയിക്കുമെന്ന് കരുതിയിരുന്നുവെങ്കിലും 5 ഡിവിഷനുകളിൽ മാത്രമാണ് വിജയിക്കാനായത്.

പാർടി സംഘടന ആകെ സജീവമായ പ്രവർത്തനം നടത്തി എന്നു പറയാനാവില്ല. വിഭാഗീയമായ പ്രവണതകളെ പൂർണ്ണമായും മാറ്റിനിർത്തിക്കൊണ്ട് ഇടപെടാൻ കഴിഞ്ഞില്ല എന്ന ദൗർബല്യവും നിലനിൽക്കുന്നു. സ്ഥാനാർത്ഥി നിർണ്ണയത്തിൽ സംഭവിച്ച പിഴവു

കളും നാം പ്രതീക്ഷിച്ച വിജയം ഉണ്ടായില്ല. തെരഞ്ഞെടുപ്പിൽ പാർടി ആവിഷ്കരിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ വിശദീകരിക്കുന്നതിൽ ഉണ്ടായ അലംഭാവം ചിലയിടങ്ങളിൽ തിരിച്ചടിയാവുകയും ചെയ്തു. രാഷ്ട്രീയ നിലപാടുകൾ പ്രചരിപ്പിക്കുന്നതിൽ വന്ന ദൗർബല്യം തിരുത്താൻ ശക്തമായ നിലപാട് സ്വീകരിക്കാനാവണം.

സംഘടനാപരമായ ദൗർബല്യം തിരിച്ചടിക്ക് കാരണമായിത്തീർന്നു. വർഗ-ബഹുജനസംഘടനകളുടെ സ്ക്വാഡുകൾ ഫലപ്രദമായി ചലിപ്പിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. ദേശാഭിമാനി പത്രത്തിന്റെ പ്രചരണത്തിലും വേണ്ടത്ര മുന്നോട്ടുപോകാൻ കഴിഞ്ഞിരുന്നില്ല. 2804 സ്പെഷ്യൽ പത്രം മാത്രമാണ് ചേർത്തത്.

ജില്ലാ പഞ്ചായത്തിൽ വിജയിക്കാൻ കഴിയുമായിരുന്ന സാഹചര്യം നഷ്ടപ്പെടുകയാണുണ്ടായത്. ഇലന്തൂർ, ചിറ്റാർ ഡിവിഷനുകളിലെ പരാജയം ഗൗരവമേറിയതാണ്. ജില്ലാ പഞ്ചായത്തുകളിലെ വാർഡുകളിലെ പരാജയം സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തണം. പെരിനാട് ഗ്രാമപഞ്ചായത്തിന്റെ പരാജയം ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

ബി.ജെ.പിക്ക് ഈ ജില്ലയിലുണ്ടായിട്ടുള്ള മുന്നേറ്റം പ്രത്യേകമായ പരിശോധനയ്ക്ക് വിധേയമാക്കണം. 2010-ൽ ബി.ജെ.പിക്ക് ആകെ 52 ഗ്രാമപഞ്ചായത്ത് വാർഡാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അത് 96 വാർഡുകളായി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. ബി.ജെ.പിക്ക് ഉണ്ടായിട്ടുള്ള ഈ നേട്ടം പരിശോധിക്കണം.

## ആലപ്പുഴ

ഈ തെരഞ്ഞെടുപ്പിൽ ജില്ലയിൽ മികച്ച വിജയമാണ് ഉണ്ടായത്. 2010 ലെ തെരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്തിൽ 14 സീറ്റായിരുന്നു നമുക്ക് ഉണ്ടായിരുന്നത്. ഇത്തവണ അത് 16 ആയി വർദ്ധിപ്പിക്കാനായി. ഗ്രാമപഞ്ചായത്തുകൾ 38 എണ്ണം എന്നത് 47 ആയി. ബ്ലോക്ക് പഞ്ചായത്ത് 5-ൽ നിന്ന് 9 എണ്ണമായി. ഒരു മുനിസിപ്പാലിറ്റിയുടെ സ്ഥാനത്ത് ഇത്തവണ 2 മുനിസിപ്പാലിറ്റികളിൽ വിജയിച്ചു.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭ

രണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| ആലപ്പുഴ | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 23 | 14 | 9 | 0 | 0 | 23 | 16 | 7 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 12 | 5 | 7 | 0 | 0 | 12 | 9 | 3 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 73 | 38 | 35 | 0 | 0 | 72 | 47 | 23 | 1 | 1 |
| മുനിസിപ്പാലിറ്റി | 5 | 1 | 4 | 0 | 0 | 6 | 2 | 4 | 0 | 0 |

എസ്.എൻ.ഡി.പിയും ബി.ജെ.പിയും ചേർന്ന് ഉണ്ടാക്കിയ കൂട്ടുകെട്ട് ഉയർത്തിയ വെല്ലുവിളികളെയെല്ലാം അതിജീവിച്ചുകൊണ്ട് മുന്നേറാനായി. എസ്.എൻ.ഡി.പിക്ക് സ്വാധീനമുള്ള മേഖലകളിൽ പോലും നമുക്ക് വിജയിക്കാൻ സാധിച്ചു.

ചില പ്രദേശങ്ങളിൽ പ്രാദേശികമായി നിലനിന്ന സംഘടനാ പ്രശ്നങ്ങൾ ഇല്ലായിരുന്നു എങ്കിൽ കൂടുതൽ മികച്ച വിജയം നേടാൻ നമുക്ക് കഴിയുമായിരുന്നു. ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനാവണം. ആലപ്പുഴ, ചേർത്തല തുടങ്ങിയ മുനിസിപ്പാലിറ്റികളിൽ നമുക്കുണ്ടായ പരാജയം ഗൗരവമായി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതുണ്ട്. കുട്ടനാട് മേഖലയിലും നമുക്ക് വലിയ തിരിച്ചടി ഉണ്ടായിട്ടുണ്ട്. ഇതും പരിശോധിച്ച് ആവശ്യമായ ഇടപെടലുകൾ നടത്താൻ സാധിക്കണം. സി.പി.ഐയുമായി ചില തർക്കങ്ങൾ ഉണ്ടായിരുന്നു എങ്കിലും അവ പരിഹരിച്ച് മുന്നോട്ടുപോകാനായിട്ടുണ്ട്. അപ്രതീക്ഷിതമായ പരാജയം ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിലും പരിശോധിക്കേണ്ടതുണ്ട്. എസ്.എൻ.ഡി.പി–ബി.ജെ.പി കൂട്ടുകെട്ടിനെ ഗൗരവമായി കണ്ട് പ്രതിരോധിക്കുന്നതിൽ വന്ന പോരായ്മ ചിലയിടങ്ങളിലുണ്ട്. അവ പരിഹരിക്കാനാവണം. പ്രാദേശികമായി നിലനിൽക്കുന്ന വിഭാഗീയത തുടരാൻ അനുവദിച്ചുകൂടാ. പലയിടത്തും നിലനിൽക്കുന്ന

വിഭാഗീയത കണക്കിലെടുത്ത് എല്ലാവരേയും കൂട്ടിയോജിപ്പിക്കാൻ ജില്ലാ നേതൃത്വം മുൻകൈയെടുത്ത് പ്രവർത്തിക്കണം.

## കോട്ടയം

ജില്ലയിൽ 2010 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിനേക്കാൾ ഇത്തവണ മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ കഴിഞ്ഞ തവണ 4 സീറ്റുകളാണ് ലഭിച്ചതെങ്കിൽ ഇത്തവണ അത് 8 എണ്ണമായി വർദ്ധിച്ചു. 2010-ൽ 13 ഗ്രാമപഞ്ചായത്തുകൾ ലഭിച്ച സ്ഥാനത്ത് ഇത്തവണ 28 പഞ്ചായത്തുകളിൽ നമുക്ക് വിജയിക്കാനായി. കഴിഞ്ഞതവണ ഒരു ബ്ലോക്ക് പഞ്ചായത്ത് മാത്രമാണ് നമുക്ക് ലഭിച്ചത്. ഇത്തവണ അത് 2 ആയി വർദ്ധിച്ചു. കഴിഞ്ഞതവണ ഒരു മുനിസിപ്പാലിറ്റിയിൽ പോലും നമുക്ക് വിജയിക്കാനായിരുന്നില്ല. എന്നാൽ, ഇത്തവണ 2 മുനിസിപ്പാലിറ്റികളുടെ ഭരണം ലഭിക്കുകയുണ്ടായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015-ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| കോട്ടയം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 23 | 4 | 19 | 0 | 0 | 22 | 8 | 14 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 11 | 1 | 10 | 0 | 0 | 11 | 2 | 9 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 73 | 13 | 60 | 0 | 0 | 71 | 28 | 43 | 0 | 0 |
| മുനിസിപ്പാലിറ്റി | 4 | 0 | 4 | 0 | 0 | 6 | 2 | 4 | 0 | 0 |

ആർ.എസ്.എസ്-എസ്.എൻ.ഡി.പി കൂട്ടുകെട്ട് നമുക്ക് ലഭിക്കേണ്ടിയിരുന്ന ചില പഞ്ചായത്തുകൾ നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. മുസ്ലീം ന്യൂനപക്ഷങ്ങളുടെ വോട്ടുകൾ പൊതുവിൽ അനുകൂലമായി. ക്രിസ്ത്യൻ മതവിഭാഗങ്ങളിൽനിന്ന് സാധാരണ ഉണ്ടാ

കുന്ന എതിർപ്പ് ഇത്തവണ ഉണ്ടായിരുന്നില്ല. ജില്ലയിൽ എസ്.ഡി.പി. ഐക്ക് 4 സീറ്റ് കിട്ടി എന്നത് ഗൗരവപൂർണ്ണമായി കാണേണ്ടതുണ്ട്.

എസ്.എൻ.ഡി.പിയും ബി.ജെ.പിയും തമ്മിലുള്ള കൂട്ടുകെട്ടിനെ തുറന്നുകാണിക്കുന്നതിന് ശക്തമായ ക്യാമ്പയിൻ നടത്തിയ ഇടങ്ങളിലെല്ലാം ആ വെല്ലുവിളിയെ അതിജീവിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, ചില മേഖലയിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി ഉണ്ടായിട്ടില്ല. അത്തരം ഇടങ്ങളിൽ നമുക്ക് തിരിച്ചടിയുമുണ്ടായി.

ജില്ലയിൽ സി.എസ്.ഡി.എസ് എന്ന സംഘടന പാർടിക്കെതിരായി ശക്തമായ പ്രചാരവേലയാണ് നടത്തിയിട്ടുള്ളത്. അവർ ചില സ്ഥലങ്ങളിൽ സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിച്ചിരുന്നു. മൂന്ന് വാർഡുകളിൽ വിജയിക്കുകയും നമ്മുടെ ചില സ്ഥാനാർത്ഥികൾ പരാജയപ്പെടുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തു. ഈ സ്ഥിതിവിശേഷം നേരിടുന്നതിന് പ്രത്യേകമായ പ്രവർത്തന പരിപാടി ഡി.സി ആവിഷ്കരിക്കണം.

## ഇടുക്കി

ഇടുക്കി ജില്ലയിൽ കഴിഞ്ഞ തവണത്തേക്കാൾ മെച്ചപ്പെട്ട പ്രകടനം ഉണ്ടായിട്ടുണ്ടെങ്കിലും നാം ഉദ്ദേശിച്ച വിജയത്തിലേക്ക് എത്താൻ കഴിഞ്ഞിട്ടില്ല. ജില്ലാ പഞ്ചായത്തിൽ കഴിഞ്ഞ തവണ ഒരു സീറ്റുപോലും ലഭിക്കാതിരുന്ന സ്ഥാനത്ത് ഇത്തവണ അത് 6 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിൽ കഴിഞ്ഞ തവണ ഒരു പഞ്ചായത്തുപോലും നമുക്ക് ലഭിച്ചിരുന്നില്ല. ആ സ്ഥാനത്ത് ഇത്തവണ 3 ബ്ലോക്ക് പഞ്ചായത്തുകളിൽ വിജയിക്കാനായി. മുനിസിപ്പാലിറ്റികളിലും നമുക്ക് വിജയിക്കാനായില്ല. ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ തവണ നമുക്ക് ലഭിച്ചത് 10 ഗ്രാമപഞ്ചായത്തുകളായിരുന്നു എങ്കിൽ ഇത്തവണ അത് 23 ആയി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| ഇടുക്കി | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ള വർ | ആകെ | LDF | UDF | BJP | മറ്റുള്ള വർ |
| ജില്ലാ പഞ്ചാ: സീറ്റ് | 16 | 0 | 16 | 0 | 0 | 16 | 6 | 10 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 8 | 0 | 8 | 0 | 0 | 8 | 3 | 5 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 53 | 10 | 43 | 0 | 0 | 52 | 23 | 29 | 0 | 0 |
| മുനിസിപ്പാലിറ്റി | 1 | 0 | 1 | 0 | 0 | 2 | 0 | 2 | 0 | 0 |

കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തിയാൽ എൽ.ഡി.എഫിന് 22,656 വോട്ട് കൂടുതൽ ലഭിച്ചിട്ടുണ്ട്. യു.ഡി.എഫിനാവട്ടെ 321 വോട്ടിന്റെ കുറവാണുണ്ടായത്. ബി.ജെ.പിക്കാവട്ടെ 64,905 വോട്ടിന്റെ വർദ്ധനവുണ്ടായി.

ഇടുക്കി ജില്ലയിൽ ബി.ജെ.പിക്ക് ഉണ്ടായിട്ടുള്ള മുന്നേറ്റം ഗൗരവകരമായ പരിശോധനയ്ക്ക് വിധേയമാക്കണം. ബി.ജെ.പിയുടെ വോട്ട് വർദ്ധനവിന് പിന്നിൽ എസ്.എൻ.ഡി.പിയുമായുള്ള ബി.ജെ.പിയുടെ ബന്ധം കാരണമായിട്ടുണ്ട്. ചിലയിടങ്ങളിൽ യു.ഡി.എഫുമായി ധാരണയുണ്ടായിരുന്നു എങ്കിലും ബി.ജെ.പിക്കുണ്ടായിട്ടുള്ള വോട്ട് വർദ്ധനവ് പ്രാദേശികതലത്തിൽതന്നെ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കി തിരുത്താനാവണം.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് ഉണ്ടായ തിരിച്ചടിയെ മറികടക്കുന്ന തരത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ അവർക്ക് മുന്നോട്ടുവരാനായി എന്നത് ഗൗരവകരമായി കാണേണ്ടതുണ്ട്. പൊതുവിൽ തിരിച്ചടി ഏൽക്കുമ്പോഴും ഇത്തരമൊരു സാഹചര്യത്തെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തണം.

എസ്.എൻ.ഡി.പി, ബി.ജെ.പിയുമായി ചേർന്ന് മുന്നോട്ടുവരുന്ന സാഹചര്യം മനസ്സിലാക്കി ഇടപെടാൻ ജില്ലാകമ്മിറ്റി ശ്രമിച്ചിരുന്നു. എന്നാൽ, ഇത്തരം ഇടപെടൽ പല മേഖലയിലും വേണ്ടത്ര നടക്കു

കയുണ്ടായില്ല.

വോട്ടർ പട്ടിക കുറ്റമറ്റതാക്കുന്നതിൽ വന്ന വീഴ്ച ചിലയിടങ്ങളിലെ വിജയത്തിന് തടസ്സമായിട്ടുണ്ട്. വികസന സെമിനാറുകൾ നാം ഉദ്ദേശിച്ച തരത്തിൽ പ്ലാൻ ചെയ്യാൻ പറ്റിയില്ല എന്ന പോരായ്മയും ജില്ലയിൽ ഉണ്ടായിട്ടുണ്ട്. കുടുംബയോഗങ്ങൾ നടത്തുന്നതിൽ വന്ന പോരായ്മയും തിരിച്ചടിയായി മാറിയിട്ടുണ്ട്. ബൂത്തുതലത്തിൽ പൂർണ്ണ സമയ പ്രവർത്തകരെ സജ്ജമാക്കുന്ന കാര്യത്തിലും പോരായ്മകൾ ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ആവശ്യാനുസരണം പൊതുയോഗങ്ങൾ നടത്തി നമ്മുടെ ആശയങ്ങൾ എത്തിക്കുന്നതിൽ വന്നിട്ടുള്ള പോരായ്മയും തെരഞ്ഞെടുപ്പ് വിജയത്തിന് തിരിച്ചടിയായിട്ടുള്ള ഘടകമാണ് ജില്ലാ റവ്യൂവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. സ്ക്വാഡ് പ്രവർത്തനത്തിന്റെ കാര്യത്തിലും ഇതേ ദൗർബല്യം നിലനിൽക്കുകയാണ്. പത്രപ്രചരണത്തിന്റെ കാര്യത്തിലും ദൗർബല്യമുണ്ടായി.

ചില പുതിയ സംഘടനകൾ ജില്ലയിൽ കാലുറപ്പിക്കാൻ ശ്രമിക്കുന്ന കാര്യം ഗൗരവമായി കണ്ടുകൊണ്ട് തിരുത്തുന്നതിന് കഴിയേണ്ടതുണ്ട്. പെമ്പിളൈ ഒരുമൈ, എ.ഐ.എ.ഡി.എം.കെ, എസ്.ഡി.പി.ഐ തുടങ്ങിയ സംഘടനകളുടെ ചിലയിടങ്ങളിലുണ്ടായ വിജയം ഗൗരവപൂർവ്വമായി കണ്ട് ഇടപെടാൻ കഴിയേണ്ടതുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിൽ നമുക്കുണ്ടായ മുന്നേറ്റം നിലനിർത്തുന്നതിന് ഈ തെരഞ്ഞെടുപ്പിൽ ഉണ്ടായിട്ടുള്ള ദൗർബല്യങ്ങളെ പരിഹരിച്ചുപോകാനാവണം. ജനങ്ങൾക്കിടയിൽ നമ്മുടെ ആശയങ്ങൾ എത്തിക്കുന്നതിനുള്ള ശക്തമായ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നത് പ്രധാനമാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു ഫലം വ്യക്തമാക്കുന്നു. തമിഴ് ജനവിഭാഗങ്ങളിൽ എതിരാളികളുടെ ഇടപെടൽ ഗൗരവമായി എടുക്കണം. ജില്ലാകമ്മിറ്റി ഇതിൽ പ്രത്യേകം ഇടപെടണം.

## എറണാകുളം

സംസ്ഥാനത്ത് പൊതുവിലുണ്ടായ വിജയം അതേപോലെ ഉണ്ടാകാതിരുന്ന ജില്ലകളിൽ ഒന്നാണിത്. കഴിഞ്ഞ തവണ 12 പഞ്ചായ

ത്തുകളിലാണ് വിജയിച്ചതെങ്കിൽ ഇത്തവണ അത് 44 ആക്കി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഒരു മുനിസിപ്പാലിറ്റി എന്ന നിലയിൽനിന്ന് 6–ലേക്കും ഒരു ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 5 ബ്ലോക്ക് പഞ്ചായത്ത് എന്ന നിലയിലേക്കും നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ തവണ ജില്ലാ പഞ്ചായത്തിൽ 4 സീറ്റാണ് ലഭിച്ചതെങ്കിൽ ഇത്തവണ അത് 11 ആക്കി ഉയർത്താനായി. കൊച്ചി കോർപ്പറേഷന്റെ അംഗസംഖ്യ 24–ൽ നിന്ന് 30 എണ്ണമായി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| എറണാകുളം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 26 | 4 | 22 | 0 | 0 | 27 | 11 | 16 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 12 | 1 | 11 | 0 | 0 | 14 | 5 | 9 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 84 | 12 | 68 | 0 | 4 | 82 | 44 | 37 | 0 | 1 |
| മുനിസിപ്പാലിറ്റി | 11 | 1 | 10 | 0 | 0 | 13 | 6 | 7 | 0 | 0 |
| കോർപ്പ: സീറ്റ് | 74 | 24 | 45 | 2 | 3 | 74 | 30 | 38 | 2 | 4 |

കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് പൊതുവിൽ മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിലും കൊച്ചിൻ കോർപ്പറേഷനും ജില്ലാ പഞ്ചായത്തും തിരിച്ചുപിടിക്കാൻ കഴിഞ്ഞില്ല.

ജില്ലയിൽ പൊതുവിൽ നല്ല ഐക്യത്തോടെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിഭാഗീയതയുടെ അംശങ്ങൾ താഴെ തലത്തിൽ ചിലയിടങ്ങളിൽ നിലനിന്നത് ചില സീറ്റുകളുടെ പരാജയത്തിലേക്ക് നയിക്കുന്നതിനിടയാക്കി. ഇത്തരം പ്രവണതകളെ ഒറ്റക്കെട്ടായി പ്രതിരോധിക്കാൻ കഴിയണം. സംഘടനാപരമായ ദൗർബല്യങ്ങളും തെരഞ്ഞെടുപ്പ് പ്രവർത്തനത്തെ

ബാധിക്കുന്ന സ്ഥിതിയുണ്ടായി. സംസ്ഥാന കമ്മിറ്റി നിശ്ചയിച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വലിയ പോരായ്മയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. കുടുംബയോഗങ്ങൾ പോലും നടത്തേണ്ടതില്ല എന്ന് തീരുമാനിച്ച സ്ഥിതിവിശേഷവും ഉണ്ടായിട്ടുണ്ട്. കമ്മിറ്റികളിൽ യഥാസമയം ഇത്തരം കാര്യങ്ങൾ ശരിയായി റിപ്പോർട്ട് ചെയ്യാത്ത പ്രവണതയും നിലനിൽക്കുന്നുണ്ട്. ഇത്തരം സംഘടനാ രീതികൾ തിരുത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

എങ്ങനെയെങ്കിലും മത്സരിക്കണം എന്ന ചിന്താഗതികൾ പ്രത്യക്ഷപ്പെടുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. വോട്ടർപട്ടികയിൽ പേര് ചേർക്കുന്ന പ്രവർത്തനം വേണ്ടത്ര ഫലപ്രദമായി നടത്താൻ കഴിയാത്തതിന്റെ പ്രശ്നങ്ങളും ഉണ്ടായി. നമ്മുടെ പരമ്പാഗത ശക്തി കേന്ദ്രങ്ങളിൽ ചിലതിൽ നാം പരാജയപ്പെട്ടിട്ടുണ്ട്. ഇത് പരിശോധനയ്ക്ക് വിധേയമാക്കണം. ബി.ജെ.പിക്ക് മുന്നേറ്റമുണ്ടായിട്ടുണ്ട്. എസ്.എൻ.ഡി.പിയുടെ സഹായത്തോടെയും ചില ജാതിസംഘടനകളെ സമർത്ഥമായി ഉപയോഗിച്ചുകൊണ്ടുമാണ് ഈ നേട്ടം അവർ ഉണ്ടാക്കിയിട്ടുള്ളത്. ഇത്തരം കാര്യങ്ങൾ ഗൗരവമായി പരിശോധിച്ച് തിരുത്താനാവണം.

## തൃശൂർ

2010 ലെ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ജില്ലയിൽ ഇത്തവണ നല്ല മുന്നേറ്റം ഉണ്ടാക്കാനായി. കഴിഞ്ഞ തവണ ജില്ലാപഞ്ചായത്തിൽ 12 സീറ്റുകൾ ലഭിച്ചിടത്ത് 20 ആയി വർദ്ധിപ്പിക്കാനായി എന്നു മാത്രമല്ല, ജില്ലാപഞ്ചായത്ത് തിരിച്ചുപിടിക്കാനുമായി. ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞതവണ 7 എണ്ണം ഉണ്ടായിരുന്നത് ഇത്തവണ 13 ആയി വർദ്ധിച്ചു. കഴിഞ്ഞ തവണ ഗ്രാമപഞ്ചായത്തുകൾ 34 ഉണ്ടായിരുന്നത് 67 ആയി വർദ്ധിച്ചു. കോർപ്പറേഷനിൽ ഭരണം നേടാനായി എന്നത് ശ്രദ്ധേയമാണ്. മുനിസിപ്പാലിറ്റിയിൽ 3 എണ്ണമായിരുന്നു നമുക്ക് ഉണ്ടായിരുന്നത്. ഇത്തവണ അത് 6 ആക്കി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭ

രണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| തൃശൂർ | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 29 | 12 | 17 | 0 | 0 | 29 | 20 | 9 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 16 | 7 | 9 | 0 | 0 | 16 | 13 | 3 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 88 | 34 | 51 | 0 | 3 | 86 | 67 | 18 | 1 | 0 |
| മുനിസിപ്പാലിറ്റി | 6 | 3 | 3 | 0 | 0 | 7 | 6 | 1 | 0 | 0 |
| കോർപ്പ: സീറ്റ് | 55 | 6 | 44 | 1 | 4 | 55 | 25 | 21 | 6 | 3 |

ജില്ലയിൽ നമുക്ക് മുന്നേറ്റമുണ്ടാക്കാനായെങ്കിലും ബി.ജെ.പിക്ക് ഉണ്ടായ വളർച്ച ഗൗരവമായി കാണേണ്ടതുണ്ട്. കോർപ്പറേഷനിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു എന്നു മാത്രമല്ല, ഒരു പഞ്ചായത്തിൽ ബി.ജെ.പിക്ക് ഭരണം നേടാനായി എന്നതും ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. പല പ്രദേശങ്ങളിലും യു.ഡി.എഫിന്റെ തകർച്ച ഉപയോഗപ്പെടുത്തി ബി.ജെ.പി വളരുന്നു എന്ന കാര്യം തിരിച്ചറിഞ്ഞ് ഇടപെടാൻ കഴിയണം.

കഴിഞ്ഞതവണ എൽ.ഡി.എഫ് വിജയിച്ച ചില പഞ്ചായത്തുകൾ നഷ്ടപ്പെടാനിടയായിട്ടുണ്ട്. അനുകൂലമായ സാഹചര്യത്തിലും നമുക്കുണ്ടായ ഈ തിരിച്ചടി പരിശോധിക്കേണ്ടതുണ്ട്. ജില്ലാ പഞ്ചായത്തിലെ ചില വാർഡുകളിൽ നമുക്കുണ്ടായ തിരിച്ചടി പരിശോധിക്കാനാവണം. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ പ്രതീക്ഷിച്ച വിജയം ഉണ്ടായില്ലെന്നതും പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ ചില കേന്ദ്രങ്ങളിൽ ഉണ്ടായ തിരിച്ചടി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തണം.

## പാലക്കാട്

പാലക്കാട് ജില്ലയിൽ 2015 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെ

ടുപ്പിൽ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. ജില്ലാ പഞ്ചായത്തിൽ 18 സീറ്റ് ഉണ്ടായിരുന്നിടത്ത് 27 ആയി വർദ്ധിപ്പിക്കാനായി. ബ്ലോക്ക് പഞ്ചായത്തുകൾ 8-ൽനിന്ന് 11 ആക്കി ഉയർത്താനായി. ഗ്രാമപഞ്ചായത്തുകൾ 41-ൽ നിന്ന് 68 ആയി വർദ്ധിപ്പിക്കാനായി. മുനിസിപ്പാലിറ്റിയിൽ കഴിഞ്ഞതവണ ഒരെണ്ണം പോലും നമുക്ക് വിജയിക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്തവണ 2 മുനിസിപ്പിലാറ്റിയിൽ നമുക്ക് വിജയിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015-ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| പാലക്കാട് | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 29 | 18 | 11 | 0 | 0 | 30 | 27 | 3 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 13 | 8 | 5 | 0 | 0 | 13 | 11 | 2 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 91 | 48 | 41 | 0 | 2 | 88 | 68 | 19 | 0 | 1 |
| മുനിസിപ്പാലിറ്റി | 4 | 0 | 3 | 0 | 1 | 7 | 2 | 4 | 1 | 0 |

ബി.ജെ.പിക്ക് കേരളത്തിൽ ലഭിച്ച ഏക മുനിസിപ്പാലിറ്റി പാലക്കാട് ജില്ലയിലാണ്. ഇവിടെ എൽ.ഡി.എഫിന് 9 വാർഡുകളിൽ മാത്രമാണ് വിജയിക്കാനായത്. ഇവിടത്തെ പരാജയം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്താൻ കഴിയേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.എഫിന് ഭരണമുണ്ടായിരുന്ന പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് നമുക്ക് നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായി.

ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം പട്ടണപ്രദേശമായ പാലക്കാട് മുനിസിപ്പാലിറ്റിയിൽ ഉണ്ടാക്കാനായില്ല. ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ഇടപെടലുകൾ സംഘടിപ്പിക്കാൻ കഴിയേണ്ടതുണ്ട്. അതിനുള്ള പ്ലാൻ ജില്ലാകമ്മിറ്റി തയ്യാറാക്കേണ്ടതുണ്ട്.

മുഴുവൻസമയ പ്രവർത്തകരെ നിശ്ചയിക്കുന്നതിനും അവർക്ക് അലവൻസ് ഉറപ്പുവരുത്തുന്നതിലും പോരായ്മ ഉണ്ടായിട്ടുണ്ട്. ദേശാഭിമാനി സ്പെഷ്യൽ പത്രം ചേർക്കുന്ന കാര്യത്തിലും വേണ്ടത്ര മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയുണ്ടായി. എങ്കിലും തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ പാർടിയെ ആകമാനം സജീവമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. സ്ഥിരമായി ജയിച്ചുവരുന്ന ചില പഞ്ചായത്തുകൾ നഷ്ടപ്പെട്ടത് പ്രത്യേകം പരിശോധിക്കണം.

## മലപ്പുറം

2010 ലെ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തി നോക്കിയാൽ ഈ തെരഞ്ഞെടുപ്പിൽ ജില്ലയിൽ അനുകൂലമായ മാറ്റം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജില്ലാ പഞ്ചായത്തിൽ 2 സീറ്റ് ലഭിച്ച സ്ഥാനത്ത് ഇത്തവണ അത് 5 ആക്കി മാറ്റാനായി. 2010ൽ 9 ഗ്രാമപഞ്ചായത്തുകളിലായിരുന്നു എൽ.ഡി.എഫ് വിജയിച്ചതെങ്കിൽ ഇത്തവണ അത് 37 ആയി വർദ്ധിപ്പിക്കാനായി. ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞതവണ ഒരിടത്താണ് വിജയിച്ചതെങ്കിൽ ഇത്തവണ അത് രണ്ടായി മാറി. കഴിഞ്ഞതവണ ഒരു മുനിസിപ്പാലിറ്റിയിൽ മാത്രമാണ് വിജയിച്ചതെങ്കിൽ ഇത്തവണ അത് 4 ആയി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015-ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| മലപ്പുറം | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 32 | 2 | 30 | 0 | 0 | 32 | 5 | 27 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 15 | 1 | 14 | 0 | 0 | 15 | 2 | 13 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 100 | 9 | 91 | 0 | 0 | 94 | 37 | 57 | 0 | 0 |
| മുനിസിപ്പാലിറ്റി | 7 | 1 | 6 | 0 | 0 | 12 | 4 | 8 | 0 | 0 |

യു.ഡി.എഫിന് എക്കാലവും മികച്ച ഭൂരിപക്ഷം ലഭിച്ചിട്ടുള്ള ജില്ല യിൽ അവർ ഈ തെരഞ്ഞെടുപ്പിൽ ഏറെ പുറകോട്ടുപോയി. ജില്ല യിൽ ബി.ജെ.പിക്ക് വോട്ടിലും സീറ്റിലും അവരുടെ നില അൽപ്പം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെ എണ്ണത്തിൽ മാത്രമല്ല നമുക്ക് നേട്ടമുണ്ടായത്. കഴിഞ്ഞ കാല ങ്ങളിൽ നമുക്ക് പ്രാതിനിധ്യമില്ലാത്ത നിരവധി സ്ഥാപനങ്ങളിൽ പ്രാതി നിധ്യം നേടാനും, ഉള്ളവ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം വിജയം അത്യാവശ്യ മായതുകൊണ്ടും വകുപ്പ് തങ്ങളുടെ കൈവശമുള്ളതുകൊണ്ടും വാർഡ് വിഭജനത്തിലും മറ്റും വലിയ തോതിലുള്ള ഇടപെടൽ നട ന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്തിലെ വിഭജനം നടന്നത് ലീഗ് നൽകിയ പട്ടിക പ്രകാരം മുഴുവൻ സീറ്റിലും വിജയിക്കാൻ പറ്റുന്ന വിധമായി രുന്നു. ഇത്തരത്തിലുള്ള ഇടപെടൽ വ്യാപകമായി ഉണ്ടായിട്ടും ഗ്രാമ പഞ്ചായത്തുകളിൽ വിജയിക്കാനായി എന്നത് ശ്രദ്ധേയമായ കാര്യ മാണ്.

2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിൽ 21.2 ശതമാനം വോട്ടിന്റെ ലീഡായിരുന്നു യു.ഡി.എഫിനുണ്ടായിരുന്നത്. അസംബ്ലി തെരഞ്ഞെടുപ്പിലാവട്ടെ അത് 19.5 ശതമാനവും പാർലമെന്റ് തെരഞ്ഞെടുപ്പിലാവട്ടെ 13.1 ശതമാനവും എന്ന നിലയിലായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ അത് 11.1 ശതമാനമായി കുറഞ്ഞു.

ജില്ലയിൽ പൊതുവിലുണ്ടായ മുന്നേറ്റത്തിനനുസരിച്ച് ബ്ലോക്ക് പഞ്ചായത്തുകളിൽ എൽ.ഡി.എഫിന് മേൽക്കൈ ലഭിച്ചില്ല എന്ന സ്ഥിതിയുണ്ട്. ഇതു സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. മികച്ച സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുന്ന കാര്യത്തിൽ വന്ന പോരായ്മയും ബ്ലോക്ക് സ്ഥാനാർത്ഥിയുടെ വിജയം ഉറപ്പിക്കുന്നതിന് ആവശ്യമായ സംഘടനാ പ്രവർത്തനം നടത്തുന്നതിലുണ്ടായ ദൗർബല്യമാണ് ഇതിനു കാരണം.

സംഘപരിവാറിന്റെ പ്രവർത്തനങ്ങൾക്കെതിരായി നാം നടത്തിയ ഇടപെടൽ ഇവിടെ മുന്നേറുന്നതിന് സഹായകമായി. ലീഗിന്റെ നിയ ന്ത്രണത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കെടുകാര്യ

സ്ഥത, സ്വജനപക്ഷപാതം, അഴിമതി തുടങ്ങിയവയെല്ലാം ഈ തെരഞ്ഞെടുപ്പിൽ നമുക്ക് സഹായകമായി. പാർടി ധാരണയ്ക്കു വിരുദ്ധമായി ലീഗ് വിരുദ്ധ മുന്നണി ഉണ്ടാക്കാനുള്ള ഒരു പ്രവണത ചിലയിടങ്ങളിൽ ഉണ്ടായി. ഇതിന്റെ ഭാഗമായി ചില ഘടകങ്ങൾക്ക് എതിരെയും സഖാക്കൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്.

ബി.ജെ.പിക്ക് പൊതുവിൽ മുന്നേറ്റമുണ്ടായില്ലെങ്കിൽ പട്ടണപ്രദേശങ്ങളിൽ ഇടത്തരക്കാരെയും ചെറുപ്പക്കാരേയും ആകർഷിക്കാനായി എന്നത് കണ്ടുകൊണ്ട് ഇടപെടുന്നതിന് നമുക്ക് കഴിയണം.

പഞ്ചായത്തുകളുടെ വോട്ടുകൾ കണക്കിലെടുത്താൽ പെരിന്തൽമണ്ണ അസംബ്ലി മണ്ഡലത്തിൽ 2096 വോട്ടിന്റെയും മങ്കട അസംബ്ലി മണ്ഡലത്തിൽ 1318 വോട്ടിന്റെയും ലീഡുണ്ട്. എന്നാൽ, ജില്ലാ പഞ്ചായത്തിന്റെ കണക്ക് പരിശോധിച്ചാൽ നാം പിന്നിലാണ് എന്ന സ്ഥിതിയും നിലനിൽക്കുന്നു.

ബൂത്തുതലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാസമയം നടപ്പിലാക്കാൻ കഴിഞ്ഞില്ല എന്ന പ്രശ്നം നിലനിൽക്കുകയാണ്. താഴെതലം വരെയുള്ള സംഘടനാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിൽ പോരായ്മ സംഭവിച്ചിട്ടുണ്ട്. ഇത് തിരുത്തി മുന്നോട്ടുപോയാൽ കൂടുതൽ മെച്ചപ്പെട്ട വിജയം നേടാൻ കഴിയുന്ന ജില്ലയാണ് ഇത്.

## കോഴിക്കോട്

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഇത്തവണ മുന്നേറാനായിട്ടുണ്ട്. ജില്ലാപഞ്ചായത്തിൽ 14 സീറ്റ് ഉണ്ടായിരുന്നിടത്ത് 16 ആക്കി വർദ്ധിപ്പിക്കാനായി. ഗ്രാമപഞ്ചായത്തിൽ 36 എന്നത് 44 ലെ ആയി വർദ്ധിപ്പിക്കാനായി. ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് ഒരെണ്ണത്തിന്റെ കുറവുണ്ടായി. രണ്ട് മുനിസിപ്പാലിറ്റികളിൽനിന്ന് 4 മുനിസിപ്പാലിറ്റികൾ എന്ന നിലയിലേക്ക് വിജയിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| കോഴിക്കോട് | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ള വർ | ആകെ | LDF | UDF | BJP | മറ്റുള്ള വർ |
| ജില്ലാ പഞ്ചാ: സീറ്റ് | 27 | 14 | 13 | 0 | 0 | 27 | 16 | 11 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 12 | 9 | 3 | 0 | 0 | 12 | 8 | 4 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 75 | 36 | 37 | 0 | 2 | 70 | 44 | 26 | 0 | 0 |
| മുനിസിപ്പാലിറ്റി | 2 | 2 | 0 | 0 | 0 | 7 | 4 | 3 | 0 | 0 |
| കോർപ്പ: സീറ്റ് | 75 | 41 | 34 | 0 | 0 | 75 | 48 | 20 | 7 | 0 |

കോഴിക്കോട് കോർപ്പറേഷനിൽ യു.ഡി.എഫ്, ബി.ജെ.പിയുമായി ധാരണയുണ്ടായിട്ടും കഴിഞ്ഞ തവണത്തേക്കാൾ മികച്ച വിജയം നേടാനായിട്ടുണ്ട്. യു.ഡി.എഫ് താൽപ്പര്യപ്രകാരം വിഭജനം നടത്തിയ മുനിസിപ്പാലിറ്റികളിലും നല്ല പ്രകടനം കാഴ്ചവയ്ക്കാനായിട്ടുണ്ട്. ജയിക്കാൻ സാധ്യതയുണ്ടായിരുന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ടായ തിരിച്ചടിയും പരിശോധനയ്ക്ക് വിധേയമാക്കണം.

പാർലമെന്റ് തെരഞ്ഞെടുപ്പിനേക്കാൾ മികച്ച പ്രകടനം നടത്താനായിട്ടുണ്ട്. നമ്മുടെ ശക്തികേന്ദ്രങ്ങളായ ചില മേഖലകളിൽ തിരിച്ചടിയേറ്റത് പരിശോധനയ്ക്ക് വിധേയമാക്കണം. കോഴിക്കോട് കോർപ്പറേഷനിൽ ഉൾപ്പെടെ ബി.ജെ.പി ഉണ്ടാക്കിയ മുന്നേറ്റം ഗൗരവമായി പരിശോധിക്കണം. ബ്ലോക്ക് പഞ്ചായത്തിന്റെ എണ്ണത്തിൽ ഈ മുന്നേറ്റത്തിനിടയിലും കുറവുണ്ടായി എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. തോടന്നൂർ, കുന്ദമംഗലം ബ്ലോക്കുകളിൽ ഉണ്ടായ പരാജയം പരിശോധനയ്ക്ക് വിധേയമാക്കണം. പാർടിയുടെ പ്രധാനപ്പെട്ട ചില കേന്ദ്രങ്ങളിൽ നമ്മുടെ സ്ഥാനാർത്ഥികൾ പരാജയപ്പെടുന്ന സ്ഥിതി ജില്ലയിലെ പല മേഖലയിലും ഉണ്ടായിട്ടുണ്ട്. ഇക്കാര്യം പ്രാദേശികതലത്തിൽ ചർച്ച നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

പുതിയ മേഖലയിലേക്ക് കടന്നുവരാനുള്ള അവസരം ഉപയോഗപ്പെടുത്താൻ കഴിയാവുന്ന സ്ഥിതി ഉണ്ടാവണം. ഇക്കാര്യത്തിൽ

ആവശ്യമായ തിരുത്തലുകൾ വരുത്താൻ കഴിയണം. പാർടിയിൽനിന്ന് പല കാരണങ്ങൾ കൊണ്ട് അകന്നുപോയവരെ തിരിച്ചുകൊണ്ടുവരാൻ നടത്തിയ ഇടപെടൽ നല്ല പ്രതികരണമുണ്ടാക്കിയിട്ടുണ്ട്.

## വയനാട്

വയനാട് ജില്ലയിൽ നമുക്ക് മുന്നേറാനായി. 2010 ലെ തെരഞ്ഞടുപ്പിൽ ജില്ലാ പഞ്ചായത്തിൽ നമുക്ക് 3 സീറ്റുകളാണ് ലഭിച്ചതെങ്കിൽ ഇത്തവണ 5 സീറ്റായി അത് വർദ്ധിപ്പിക്കാനായി. കഴിഞ്ഞ തവണ ഒരു ബ്ലോക്ക് പഞ്ചായത്തുപോലും ലഭിച്ചിരുന്നില്ല. ഇത്തവണ ഒന്നിൽ വിജയിക്കാനായി. കഴിഞ്ഞ തവണ 3 ഗ്രാമപഞ്ചായത്തുകളിലാണ് വിജയിക്കാനായത്. ഇത്തവണ അത് 16 ആയി വർദ്ധിപ്പിക്കാനായി. കഴിഞ്ഞതവണ മുനിസിപ്പാലിറ്റി നമുക്ക് ഉണ്ടായിരുന്നില്ല. ഇത്തവണ പുതുതായി വന്ന 2 മുനിസിപ്പാലിറ്റികളിലും നമുക്ക് വിജയിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതിയും 2015ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| വയനാട് | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 16 | 3 | 13 | 0 | 0 | 16 | 5 | 11 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 4 | 0 | 4 | 0 | 0 | 4 | 1 | 3 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 25 | 3 | 22 | 0 | 0 | 23 | 16 | 7 | 0 | 0 |
| മുനിസിപ്പാലിറ്റി | 1 | 0 | 1 | 0 | 0 | 3 | 2 | 1 | 0 | 0 |

വയനാട് ജില്ലയിൽ നമുക്ക് പൊതുവിൽ മുന്നേറ്റമുണ്ടായിട്ടുണ്ട്. വയനാട് ജില്ലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും നമുക്ക് അനുകൂലമായ സ്ഥിതി സൃഷ്ടിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. നമുക്ക് മുന്നേറ്റമുണ്ടാക്കാൻ പറ്റുമായിരുന്ന ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതിന് കഴിയാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തി ആവശ്യമായ

തിരുത്തലുകൾ വരുത്തണം. ഇടതുപക്ഷ ജനാധിപത്യമുന്നണി പൊതുവിൽ ഐക്യത്തോടെ പ്രവർത്തിച്ചു.

ബി.ജെ.പിക്ക് വോട്ടിന്റെ കാര്യത്തിൽ മുന്നോട്ടുപോകാനായിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാൾ 22,044 വോട്ടുകൾ കൂടുതൽ ലഭിച്ചു. ആദിവാസി മേഖലയിൽ നുഴഞ്ഞുകയറുന്നതിനുള്ള പരിശ്രമം ഇവിടെയുണ്ട്. എസ്.എൻ.ഡി.പി യൂണിയനെ ഉപയോഗപ്പെടുത്തി ആർ.എസ്.എസ് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നീക്കവും ജില്ലയിൽ നടക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത് നല്ല ജാഗ്രതയോടെ ഇടപെടാനാവണം.

## കണ്ണൂർ

കണ്ണൂർ ജില്ലയിൽ നല്ല വിജയം ഉണ്ടാക്കാനായി. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ 53 ഗ്രാമപഞ്ചായത്തുകളിലാണ് നാം വിജയിച്ചത്. 10 പഞ്ചായത്തുകൾ കുറഞ്ഞിട്ടും ഇത്തവണ 52 ഗ്രാമപഞ്ചായത്തുകളിൽ നമുക്ക് വിജയിക്കാനായി. കഴിഞ്ഞതവണ 4 മുനിസിപ്പാലിറ്റി വിജയിച്ചിടത്ത് ഇത്തവണ 5 മുനിസിപ്പാലിറ്റികൾ നേടാൻ നമുക്ക് കഴിഞ്ഞു. പുതുതായി രൂപീകരിച്ച കണ്ണൂർ കോർപ്പറേഷനിൽ മേയർ സ്ഥാനം നേടാനായി എന്നത് നേട്ടം തന്നെയാണ്.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥി[illegible]15-ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| കണ്ണൂർ | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 26 | 20 | 6 | 0 | 0 | 24 | 15 | 9 | 0 | 0 |
| ബ്ലോക്ക് പഞ്ചാ: | 11 | 10 | 1 | 0 | 0 | 11 | 11 | 0 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 81 | 53 | 28 | 0 | 0 | 71 | 52 | 19 | 0 | 0 |
| മുനിസിപ്പാലിറ്റി | 5 | 4 | 1 | 0 | 0 | 8 | 5 | 3 | 0 | 0 |
| കോർപ്പ: സീറ്റ് | - | - | - | - | - | 55 | 27 | 27 | 0 | 1 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം ഉൾപ്പെടെ തങ്ങൾക്ക് അനുകൂലമാക്കി മാറ്റുന്നതിനുള്ള ബോധപൂർവ്വമായ പരിശ്രമം നടത്തുകയുണ്ടായി. അതിനെയെല്ലാം മറികടന്നുകൊണ്ടാണ് ഈ നേട്ടം നേടാൻ നമുക്ക് കഴിഞ്ഞിട്ടുള്ളത്. ശക്തമായ അടിച്ചമർത്തലുകളും ഈ കാലയളവിലുണ്ടായി. കാപ്പ നിയമപ്രകാരം പാർടിപ്രവർത്തകർക്കു നേരെ പോലീസ് നടപടിയുണ്ടായി. കേസുകളിൽ പ്രതികളായ സഖാക്കൾക്ക് പോലീസ് പ്രത്യേക നോട്ടീസ് നൽകുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് നോട്ടീസ് അയച്ച് ഭീഷണിപ്പെടുത്തുന്ന സ്ഥിതിവിശേഷത്തിനും സാക്ഷ്യം വഹിച്ചു. എവിടെയെങ്കിലും തെരഞ്ഞെടുപ്പുദിവസം അനിഷ്ടസംഭവമുണ്ടായാൽ സ്ഥാനാർത്ഥിക്കെതിരെ കേസ് എടുക്കുമെന്ന ഭീഷണിയും ഉണ്ടായി.

യു.ഡി.എഫിനകത്തും കോൺഗ്രസ്സിനകത്തുമുള്ള തർക്കങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇടപെടുന്നതിന് കഴിഞ്ഞിട്ടുണ്ട്. ചിലയിടങ്ങളിൽ കോൺഗ്രസ്സിന്റെ വോട്ടുകൾ വൻതോതിൽ ബി.ജെ.പിക്ക് ഒഴുകുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ബി.ജെ.പിക്ക് ഉണ്ടായ ഈ വോട്ട് വർദ്ധനവ് പരിശോധനയ്ക്ക് വിധേയമാക്കാനാവണം. നാം വിജയിക്കുമെന്ന് പ്രതീക്ഷിച്ച ചിലയിടങ്ങളിൽ ഉണ്ടായിട്ടുള്ള പരാജയം ഗൗരവപൂർവ്വം കാണേണ്ടതുണ്ട്.

## കാസർഗോഡ്

കാസർഗോഡ് ജില്ലയിൽ സംസ്ഥാനത്ത് ആകമാനം പൊതുവിലുണ്ടായ മുന്നേറ്റം പാർടിക്ക് ഉണ്ടാക്കാനായിട്ടില്ല. 2010–ൽ നാം വിജയിച്ച ജില്ലാ പഞ്ചായത്ത് ഇത്തവണ നമുക്ക് നഷ്ടപ്പെട്ടു. 2010–ൽ 15 ഗ്രാമപഞ്ചായത്തുകളിലാണ് നാം വിജയിച്ചതെങ്കിൽ ഇത്തവണ അത് 16 ആയി വർദ്ധിച്ചു. മുനിസിപ്പാലിറ്റികളിൽ കഴിഞ്ഞതവണ ഒരിടത്താണ് വിജയിച്ചതെങ്കിൽ ഇത്തവണ അത് 2 ആക്കി വർദ്ധിപ്പിക്കാനായി. കഴിഞ്ഞതവണ 3 ബ്ലോക്ക് പഞ്ചായത്തിലാണ് നാം വിജയിച്ചതെങ്കിൽ ഇത്തവണ അത് 4 ആക്കി വർദ്ധിപ്പിക്കാനായി.

ജില്ലയിൽ 2010 ലെ തെരഞ്ഞെടുപ്പിൽ ലഭിച്ച തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ സ്ഥിതിയും 2015–ൽ ലഭിച്ച സ്ഥിതിയും ഇങ്ങനെയാണ്:

| കാസർഗോഡ് | 2010 | | | | | 2015 | | | | |
|---|---|---|---|---|---|---|---|---|---|---|
| | ആകെ | LDF | UDF | BJP | മറ്റുള്ളവർ | ആകെ | LDF | UDF | BJP | മറ്റുള്ളവർ |
| ജില്ലാ പഞ്ചാ: സീറ്റ് | 16 | 9 | 6 | 1 | 0 | 17 | 7 | 8 | 2 | 0 |
| ബ്ലോക്ക് പഞ്ചാ: | 6 | 3 | 3 | 0 | 0 | 6 | 4 | 2 | 0 | 0 |
| ഗ്രാമപഞ്ചായത്ത് | 38 | 15 | 19 | 3 | 1 | 38 | 16 | 17 | 4 | 1 |
| മുനിസിപ്പാലിറ്റി | 3 | 1 | 2 | 0 | 0 | 3 | 2 | 1 | 0 | 0 |

ബി.ജെ.പിക്ക് പരമ്പരാഗതമായി സ്വാധീനമുള്ള ജില്ലയാണ് ഇത്. എന്നാൽ, കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പല കേന്ദ്രങ്ങളിലും ബി.ജെ.പിക്കുണ്ടായ നേട്ടം ഈ തെരഞ്ഞെടുപ്പിൽ നിലനിർത്താൻ അവർക്ക് കഴിഞ്ഞിട്ടില്ല. ബി.ജെ.പിയുടെ വോട്ട് പാർലമെന്റ് തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് കുറഞ്ഞെങ്കിലും കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വർദ്ധിക്കുകയാണുണ്ടായത്.

ജില്ലാ പഞ്ചായത്തിലെ പരാജയത്തിന് വാർഡ് വിഭജനം കാരണമായിട്ടുണ്ട്. ജില്ലാ പഞ്ചായത്തിലെ പുത്തിഗ ഡിവിഷൻ നഷ്ടപ്പെട്ടത് വലിയ തിരിച്ചടിയായി. നാം വിജയിക്കുമെന്ന് പ്രതീക്ഷിക്കാതിരുന്ന പീലിക്കോട് ഡിവിഷനിൽ കാര്യക്ഷമമായി ഇടപെട്ടിരുന്നു എങ്കിൽ ആ ഡിവിഷനിൽ നമുക്ക് വിജയിക്കാൻ കഴിയുമായിരുന്നു. ചില മേഖലയിലുണ്ടായ വിഭാഗീയമായ പ്രവണതകളും നമ്മുടെ ശക്തികേന്ദ്രങ്ങളിൽ വോട്ട് വർദ്ധിപ്പിക്കുന്ന തരത്തിൽ ഇടപെടാതിരുന്നതും പരാജയത്തിന് കാരണമായി. ഇത്തരം ദൗർബല്യങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

## മുൻതൂക്കം നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് 80 നിയമ

സഭാ മണ്ഡലങ്ങളിലും എൽ.ഡി.എഫിന് 56 ഇടത്തും ബി.ജെ.പിക്ക് 4 മണ്ഡലങ്ങളിലുമായിരുന്നു ലീഡ് ഉണ്ടായിരുന്നത്. ഇപ്പോൾ നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന് 87 മണ്ഡലങ്ങളിലും യു.ഡി.എഫിന് 53 മണ്ഡലങ്ങളിലുമാണ് ഭൂരിപക്ഷമുള്ളത്. ബി.ജെ.പിക്ക് ഒരു മണ്ഡലത്തിലും ഭൂരിപക്ഷമില്ല. എന്നാൽ, 5 മണ്ഡലങ്ങളിൽ ബി.ജെ.പി രണ്ടാം സ്ഥാനത്ത് വന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ വോട്ടുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിർണ്ണയം നടത്തിയിട്ടുള്ളത്. ജില്ലാപഞ്ചായത്തിനു പകരം ഗ്രാമപഞ്ചായത്തുകളെ അടിസ്ഥാനപ്പെടുത്തി കണക്കെടുത്താൽ നാം ലീഡ് ചെയ്യുന്ന മണ്ഡലങ്ങളുടെ എണ്ണം ഇനിയും കൂടാനാണ് സാധ്യത. ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള വിജയം ജില്ലാ പഞ്ചായത്തുകളിൽ അതുപോലെ പൊതുവിൽ പ്രതിഫലിക്കപ്പെട്ടിട്ടില്ല എന്ന കാര്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

## ഉപസംഹാരം

2009 തൊട്ട് ഉണ്ടായിരുന്ന തെരഞ്ഞെടുപ്പ് പരാജയത്തെ മറികടക്കാൻ സാധിച്ചതായിരുന്നു ഈ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ഫലം. 65 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എൽ.ഡി.എഫ് വിജയിച്ചപ്പോൾ എൽ.ഡി.എഫും യു.ഡി.എഫും തമ്മിലുള്ള വോട്ട് വ്യത്യാസം 1.62 ശതമാനം മാത്രമാണ്. 2011 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫിനേക്കാൾ 0.90 ശതമാനം വോട്ട് യു.ഡി.എഫ് അധികം നേടിയപ്പോൾ ഒരു സംസ്ഥാന ഭരണമാണ് കൈവശപ്പെടുത്താൻ കഴിഞ്ഞത്. ശാക്തിക ബലാബലത്തിൽ നമുക്ക് അനുകൂലമായ മുന്നേറ്റം ഉണ്ടാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട കാര്യമാണ് തെരഞ്ഞെടുപ്പുഫലം ഓർമ്മിപ്പിക്കുന്നത്. നേരിയ ശതമാനം വോട്ട് അപ്പുറത്തും ഇപ്പുറത്തുമായി മാറ്റുമ്പോൾ എത്ര വലിയ മാറ്റമാണ് സംസ്ഥാനത്ത് ഉണ്ടാവുന്നത് എന്നത് ഇതിൽനിന്ന് വ്യക്തമാണ്.

കേന്ദ്രസർക്കാരിന്റെ കോർപ്പറേറ്റുവൽക്കരണ നയത്തിനും വർഗീയതയ്ക്കും എതിരെ പൊരുതുന്ന എൽ.ഡി.എഫിന് മതനിരപേക്ഷ

ജനവിഭാഗങ്ങളെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളെയും ആകർഷിക്കാൻ കഴിയും. യു.ഡി.എഫ് സർക്കാരിന്റെ ജനവിരുദ്ധ നടപടികളും, വർഗീയതയുമായി അധികാരത്തിനുവേണ്ടി സന്ധി ചെയ്യുന്ന സമീപനവും, വർദ്ധിച്ചുവരുന്ന അഴിമതിയും യു.ഡി.എഫിന്റെ ജനപിന്തുണയിൽ ചോർച്ച സംഭവിക്കുന്നുണ്ട്. ഈ ഘടകങ്ങളെ ഉപയോഗപ്പെടുത്തി ഫലപ്രദമായി ഇടപെട്ട് പ്രവർത്തിച്ചാൽ നമുക്ക് മുൻകൈ നേടാൻ കഴിയുമെന്ന ആത്മവിശ്വാസം ഉണ്ടാക്കാൻ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുഫലം സഹായകമായിട്ടുണ്ട്.

* * *

## 2

# മണ്ഡലതല വികസന ശിൽപശാല സംബന്ധിച്ച കുറിപ്പ്

1. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പൊതുകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഓരോ മണ്ഡലത്തിലെയും വികസന പ്രശ്നങ്ങളെ വിലയിരുത്താനും അതിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ച് വർഷക്കാലത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിയുന്ന വികസന നിർദ്ദേശങ്ങൾക്ക് രൂപം നൽകാനും വേണ്ടിയാണ് മണ്ഡലതല ശിൽപശാല നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ആഭിമുഖ്യത്തിൽ വേണം ഈ ശിൽപശാല സംഘടിപ്പിക്കുവാൻ. എൽ.ഡി.എഫ് മണ്ഡലം കമ്മിറ്റിയുടെ തീരുമാന പ്രകാരം ഇതിനായുള്ള കരട് രേഖ തയ്യാറാക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയ്ക്ക് അടിയന്തിരമായി രൂപം നൽകണം. രാഷ്ട്രീയമായ പരിശോധന എൽ.ഡി.എഫ് മണ്ഡലം കമ്മിറ്റിയ്ക്ക് പിന്നീട് നടത്താമെന്നുള്ളതിനാൽ പ്രായോഗികമായി ഇത്തരം രേഖ തയ്യാറാക്കാൻ കഴിയുന്നവരെയാണ് ഈ സമിതിയിൽ ഉൾപ്പെടുത്തേണ്ടത്.
2. കേരള വികസനത്തെക്കുറിച്ചുള്ള ഇടതുപക്ഷ ബദൽ സംബന്ധിച്ച പാർട്ടിയുടെ പൊതു കാഴ്ചപ്പാട് എ.കെ.ജി പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിച്ച കേരള പഠനകോൺഗ്രസിൽ അവതരിപ്പിച്ച രേഖയിലുണ്ട്. ഇതിന് പുറമേ പഠന കോൺഗ്രസിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികളോടെ ഓരോ മേഖലയും സംബന്ധിച്ച് സംസ്ഥാനതലത്തിൽ അംഗീകരിക്കുന്ന വികസന നിർദ്ദേശങ്ങൾ പ്രത്യേകമായി സമാഹരിച്ച് ഫെബ്രുവരി 15 ന് പ്രസിദ്ധീകരിക്കുന്നുണ്ട്. മണ്ഡല വികസന നിർദ്ദേശങ്ങൾ നൽകാൻ ഈ സമാഹാരവും പ്രയോജനപ്രദമായിരിക്കും. എന്നാൽ,

പാർടി നിർദ്ദേശം എന്ന നിലയിൽ ഇക്കാര്യങ്ങൾ അവതരിപ്പിക്കരുത്. എൽ.ഡി.എഫ് പൊതു ധാരണ ഉണ്ടാക്കുന്ന കാര്യങ്ങൾ മാത്രമേ അവതരിപ്പിക്കാവൂ.

3. ശിൽപശാലയിൽ അച്ചടിച്ച രേഖ അവതരിപ്പിക്കണം. ഈ രേഖയ്ക്ക് 9 ഭാഗങ്ങളുണ്ടാകണം.

- ആമുഖം
- ഉൽപാദന മേഖലകൾ
  - ➢ കൃഷി (നെല്ല്, പച്ചക്കറി എന്നിവയ്ക്ക് പ്രത്യേക ഊന്നൽ)
  - ➢ തോട്ടവിളകൾ
  - ➢ മത്സ്യബന്ധനം
  - ➢ മൃഗപരിപാലനം
  - ➢ പരമ്പരാഗത വ്യവസായങ്ങൾ
  - ➢ ചെറുകിട വ്യവസായങ്ങൾ
  - ➢ ടൂറിസം
  - ➢ ഐ.റ്റിയും ഐ.റ്റി അധിഷ്ഠിത സേവനങ്ങളും
- പശ്ചാത്തല സൗകര്യങ്ങൾ
  - ➢ റോഡ്
  - ➢ വൈദ്യുതീകരണം
  - ➢ ജലസംരക്ഷണം
  - ➢ കുടിവെള്ളം
- സേവന മേഖലകൾ
  - ➢ വിദ്യാഭ്യാസം
  - ➢ ആരോഗ്യം
  - ➢ അംഗൻവാടികൾ
  - ➢ പാലിയേറ്റീവ് കെയർ
  - ➢ മാലിന്യ നിർമ്മാർജ്ജനം

- ക്ഷേമ മേഖലകൾ
    - ക്ഷേമ പെൻഷനുകൾ
    - കുട്ടികളുടെ ക്ഷേമം
    - ഇതര സംസ്ഥാന തൊഴിലാളികൾ
    - പൊതുവിതരണം
    - ഭിന്നശേഷിക്കാർ
    - തൊഴിലാളി ക്ഷേമം
    - വയോജന ക്ഷേമം
    - പാർപ്പിടം
- പട്ടികജാതി-പട്ടികവർഗ്ഗ വികസനം
    - കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ
    - പാർപ്പിടം
    - വിദ്യാഭ്യാസവും ആരോഗ്യവും
    - പട്ടികവിഭാഗ ഫണ്ട് വിനിയോഗം
- സ്ത്രീ ശാക്തീകരണം
    - സ്ത്രീ പദവി
    - കുടുംബശ്രീ
    - വനിതാ ഘടക പദ്ധതി
    - സ്ത്രീ സുരക്ഷ
- ഭരണസംവിധാനം
    - സർക്കാർ ഓഫീസുകളിലെ സേവനം
    - അഴിമതി ഇല്ലാതാക്കാനുള്ള നടപടികൾ
    - തദ്ദേശ ഭരണ സ്ഥാപനങ്ങളും ജനപങ്കാളിത്തവും
- ഉപസംഹാരം

4. ഓരോന്നിനും രണ്ടോ മൂന്നോ പേജ് മതിയാകും. രേഖയുടെ ആമുഖമായി നാല് കാര്യങ്ങളാണ് പ്രതിപാദിക്കേണ്ടത്. (1) സാമൂഹ്യ ക്ഷേമ നേട്ടങ്ങളുടെ കേരളം സൃഷ്ടിച്ചതിൽ ഇടതുപക്ഷത്തിന്റെ പങ്ക്, മണ്ഡലത്തിലെ വിദ്യാഭ്യാസ-ആരോഗ്യ ഉയർച്ചയേയും ഭൂപ

രിഷ്ക്കരണവുമായി ബന്ധപ്പെടുത്തി ഇത് പറയാം. (2) ഈ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് സാമ്പത്തിക വളർച്ചയെ ഉൽപാദന മേഖലകളുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം. ഇതിന് കൂടുതൽ അനുയോജ്യമായ വികസനതുറകളിൽ ഊന്നേണ്ടതുണ്ട്. അതോടൊപ്പം പരമ്പരാഗത കാർഷിക മേഖലകളെ സംരക്ഷിക്കുകയും പൊതുസംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണം. (3) അഞ്ച് വർഷത്തെ യു.ഡി.എഫ് ഭരണവും, നയങ്ങളും കേന്ദ്ര സർക്കാരിന്റെ ആഗോള വൽക്കരണവും എങ്ങനെ മണ്ഡലത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിച്ചു എന്നുള്ളത് വിശദീകരിക്കുക. (4) ഈ പശ്ചാത്തലത്തിൽ ഇടതുപക്ഷ ബദൽ ഉയർത്തുന്നതിനാണ് നാം ശ്രമിക്കുന്നത്.

5. ആമുഖം കഴിഞ്ഞുള്ള 6 ഭാഗങ്ങൾ വിവിധ വിഷയ മേഖലകളെക്കുറിച്ചുള്ള പ്രതിപാദനങ്ങളാണ്. ഉൽപാദന മേഖലകൾ, പശ്ചാത്തല മേഖലകൾ, സേവന മേഖലകൾ, ക്ഷേമ മേഖലകൾ എന്നിങ്ങനെ പൊതുവായിട്ടാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഓരോ ഉപമേഖലയും എടുത്ത് പ്രതിപാദിക്കേണ്ടിവരും. ഉദാഹരണത്തിന് ഉൽപാദന മേഖലയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, ഐ.റ്റി, ടൂറിസം എന്നിങ്ങനെ പ്രത്യേകമായി പരിഗണിച്ചേ മതിയാകൂ. ഇതുപോലെ ഓരോ മേഖലയിലും പരിശോധനാർഹമായ ഉപമേഖലകൾ മുകളിൽ ലിസ്റ്റായി നൽകിയിട്ടുണ്ട്. അവയിൽ മണ്ഡലത്തിന് പ്രസക്തമായവ പരിശോധിച്ചാൽ മതിയാകും. ഉദ്ഹരണത്തിന് തോട്ടവിളകളെ തീരദേശത്തോ മത്സ്യബന്ധനത്തെ മലയോരത്തോ പരിശോധിക്കേണ്ട കാര്യമില്ല. സ്ത്രീ ശാക്തീകരണം, പട്ടികജാതി–പട്ടികവർഗ്ഗ വികസനം എന്നിവ മറ്റു വികസനതുറകളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നതെങ്കിലും പ്രത്യേകം ചർച്ച ചെയ്യുന്നതാണ് ഉചിതം.

6. പഠന കോൺഗ്രസിലെ വിശകലനത്തെ അടിസ്ഥാനമാക്കിവേണം ഓരോ വികസന മേഖലയെയും കുറിച്ച് പ്രതിപാദിക്കേണ്ടത്. ഓരോ വികസന മേഖലയിലെയും പ്രധാന വെല്ലുവിളികളെ

മണ്ഡലവുമായി ബന്ധപ്പെടുത്തി വിശീദകരിക്കണം. നമ്മുടെ മണ്ഡലമാണെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നാം എന്ത് ചെയ്തു എന്നുള്ളത് പറയണം. യു.ഡി.എഫിന്റെ മണ്ഡലമെങ്കിൽ അവരുടെ വീഴ്ചകളെ തുറന്നുകാണിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ആ മേഖലയിൽ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അടുത്ത അഞ്ച് വർഷത്തെ വികസന പ്രവർത്തനങ്ങൾ അക്കമിട്ട് എഴുതണം. ഇതിനൊരു എളുപ്പവഴി, പഠന കോൺഗ്രസിലെ വികസന നിർദ്ദേശങ്ങൾ പരിശോധിച്ച് മണ്ഡലത്തിന് അനുയോജ്യമായവയെ തെരഞ്ഞെടുക്കുന്നതാകും. പുതിയ കാര്യങ്ങൾ കൂട്ടിച്ചേർക്കാം.

7. ഓർക്കേണ്ടുന്ന കാര്യം മണ്ഡലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ പ്രതിപാദിക്കേണ്ടൂ എന്നതാണ്. സംസ്ഥാനത്തെ പൊതുവായ നയങ്ങളും പദ്ധതികളും, സംസ്ഥാന സർക്കാർ കൈകാര്യം ചെയ്യുന്നതാണ്. അതേസമയം, മണ്ഡലത്തെ സംബന്ധിച്ച് പ്രത്യേകം പ്രസക്തിയുള്ള ചില സംസ്ഥാനതല പദ്ധതികളുണ്ടാകും. ഉദാഹരണത്തിന് പൊതുമേഖലാ സ്ഥാപനങ്ങൾ, ചില വൻകിട വ്യവസായങ്ങൾ, റോഡ്, തുറമുഖം, ജലസേചനം തുടങ്ങിയ പദ്ധതികൾ ആ മണ്ഡലവുമായി ബന്ധപ്പെട്ട് ഉണ്ടെങ്കിൽ അവ സംബന്ധിച്ച് ചെയ്യേണ്ടുന്ന കാര്യങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

8. സദ്ഭരണത്തിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ പ്രത്യേകം നൽകണം. മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളുടെ നവീകരണം, പൗരാവകാശരേഖ, സോഷ്യൽ ഓഡിറ്റ് തുടങ്ങിയവ പ്രതിപാദിക്കണം. തദ്ദേശ സ്വയംഭരണങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുത്തണം.

9. ഉപസംഹാരമായി, മേൽപ്പറഞ്ഞ വികസന നിർദ്ദശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാ വർഷവും ജനകീയ അവലോകന യോഗം വിളിച്ചു ചേർക്കും എന്ന് ഉറപ്പുനൽകണം.

10. പാർട്ടിയുടെ എല്ലാ ബൂത്ത് സെക്രട്ടറിമാർ, എൽ.സി, എ.സി അംഗങ്ങൾ, ജനപ്രതിനിധികൾ, സി.ഡി.എസ് ഭാരവാഹികൾ എന്നിവർ പങ്കെടുക്കണം. ഇതിന് പുറമേ മറ്റു മുന്നണി പാർട്ടികളുടെ പ്രതിനിധികളും പാർട്ടികളിൽ ഉൾപ്പെടാത്ത പൗരപ്രമുഖരേയും പണ്ഡിതന്മാരെയും ഈ വികസന ശിൽപശാലയിൽ പങ്കെടുപ്പിക്കണം. താൽപര്യമുള്ള ഒരാളെയും ശിൽപശാലയിൽ നിന്ന് ഒഴിച്ചു നിർത്തേണ്ടതില്ല.

11. ശിൽപശാലയിൽ പരമാവധി ആളുകൾക്ക് ആശയവിനിമയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ വേണം പരിപാടി തയ്യാറാക്കാൻ. ഇതിനായി നീണ്ട പ്രസംഗങ്ങൾ ഒഴിവാക്കണം. രേഖ അവതരണം ഒരാൾ നടത്തുന്നതിന് പകരം ഓരോ ഭാഗവും 10 മിനിറ്റ് വീതം എടുത്ത് വ്യത്യസ്തരായ ആളുകൾ അവതരിപ്പിക്കുന്നതാകും ഉചിതം. ഇതുവഴി അതത് മേഖലകളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെ സാന്നിദ്ധ്യം ഉദ്ഘാടന സമ്മേളനത്തിൽ ഉറപ്പുവരുത്താനാകും. അതുപോലെതന്നെ വിഷയ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചകളിൽ ഓരോ വിഷയത്തിലും ചർച്ച നയിക്കുന്നതിന് മൂന്നോ നാലോ പേരെ നിയോഗിക്കാവുന്നതാണ്. പഠന കോൺഗ്രസിൽ എന്നപോലെ ഇവരുടെ പേരുകളും കാര്യപരിപാടിയിൽ അച്ചടിച്ച് നൽകണം. സമാപന സമ്മേളനത്തിൽ ഓരോ വിഷയ ഗ്രൂപ്പിൽ നിന്നും ഒരാൾ വീതം ചർച്ചകൾ ക്രോഡീകരിച്ച് അവതരിപ്പിക്കുന്നതിന് നിയോഗിക്കേണ്ടതാണ്. ഇവർ ചർച്ചയിൽ ഉയർന്നുവന്ന ഭേദഗതി നിർദ്ദേശങ്ങളും കൂട്ടിച്ചേർക്കലുകളും മാത്രം റിപ്പോർട്ട് ചെയ്താൽ മതിയാകും. അങ്ങനെയെങ്കിൽ അഞ്ച് മിനിറ്റിള്ളിൽ റിപ്പോർട്ടിംഗ് അവസാനിപ്പിക്കാനാകും.

12. ഒരു ദിവസത്തെ ശിൽപശാലയുടെ കാര്യപരിപാടി താഴെപ്പറയും പ്രകാരമാകണം.

| | |
|---|---|
| രാവിലെ 10–12.00 | – ഉദ്ഘാടന സമ്മേളനം |
| അദ്ധ്യക്ഷൻ | – എം.എൽ.എ/ജില്ലാ പഞ്ചായത്ത് മെമ്പർമാർ/മറ്റു ജനപ്രതിനിധികൾ (15 മിനിറ്റ്) |

| | |
|---|---|
| സ്വാഗതം | – മണ്ഡലം സെക്രട്ടറി (10 മിനിറ്റ്) |
| ഉദ്ഘാടനം | – എൽ.ഡി.എഫ് സംസ്ഥാന നേതാക്കളിൽ ഒരാൾ (20 മിനിറ്റ്) |
| രേഖ അവതരണം | – 10 മിനിറ്റ് വീതം 8 പേർ. (80 മിനിറ്റ്) ഇവർ കഴിവതും വിദഗ്ദ്ധരോ പണ്ഡിതന്മാരോ ആയിരിക്കണം. |
| 12.00 – 3.30 | – വിഷയാടിസ്ഥാനത്തിലുള്ള ഗ്രൂപ്പ് ചർച്ച *(ഉച്ചഭക്ഷണം ഇതിനിടയിൽ നടക്കണം)* |
| 3.30 – 4.30 | – സമാപന സമ്മേളനം |
| | – 8 ഗ്രൂപ്പുകൾ സംബന്ധിച്ച റിപ്പോർട്ടിംഗ് (5 മിനിറ്റ് വീതം). |
| | – സമാപന പ്രസംഗം |

13. പഠന കോൺഗ്രസ് സംസ്ഥാനത്തെ വികസന ചർച്ചകളിൽ നമുക്ക് നല്ല മുൻകൈ നേടിത്തന്നു. ഇതിന് പല ഘടകങ്ങളും കാരണമായിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഒരു സമഗ്ര വികസനരേഖ തയ്യാറാക്കി അവതരിപ്പിക്കാൻ കഴിഞ്ഞതാണ്. മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യുന്ന രേഖ ശിൽപശാലയുടെ വിജയത്തിൽ നിർണ്ണായക പങ്ക് വഹിക്കും. അതുകൊണ്ട് അടിയന്തിരമായി ഇതിന് പ്രാപ്തരായ ഒരു ടീം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. ഇതിന്റെ ഭാഗമായി പ്രമുഖരെ കണ്ട് അവരുടെ അഭിപ്രായങ്ങൾ എഴുതി വാങ്ങാം. എല്ലാ ബൂത്ത് കമ്മിറ്റികളും ജനങ്ങളോട് അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടുള്ള നിർദ്ദേശക പെട്ടികൾ സ്ഥാപിക്കേണ്ടതാണ്. ഇവ കൂടി പരിഗണിച്ചുവേണം മണ്ഡല വികസന രേഖ തയ്യാറാക്കാൻ.

14. അതുപോലെതന്നെ പഠന കോൺഗ്രസിൽ പാർട്ടിയുടെ സമുന്നത നേതാക്കളെല്ലാം സന്നിഹിതരായിരുന്നു. ഇതുപോലെ മണ്ഡല സെമിനാറുകളിൽ എല്ലാ ബന്ധപ്പെട്ട പാർട്ടി നേതാക്കളും പങ്കെ

ടുക്കണം. സംഘാടകരായി മാറി നിൽക്കാതെ വിഷയ ഗ്രൂപ്പ് ചർച്ച കളിൽ പങ്കെടുക്കുകയും ജനങ്ങൾ പറയുന്നത് കേൾക്കാനും തയ്യാറാകണം. മണ്ഡലം വികസന സെമിനാറിലേയ്ക്ക് പ്രധാന പ്പെട്ട വ്യക്തികളെ കത്ത് നൽകി ക്ഷണിക്കണം. ഇവരിൽ പ്രമു ഖരുടെ പേരുകൾ കാര്യപരിപാടിയിൽ ചർച്ച നയിക്കുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും വേണം.

15. മണ്ഡല ശിൽപശാലയ്ക്ക് ഏറ്റവും നല്ല വേദി ഏതെങ്കിലും സ്കൂൾ ആയിരിക്കും. ഹാൾ ആണെങ്കിൽ വിഷയ ഗ്രൂപ്പ് ചർച്ച കൾക്ക് പ്രത്യേക സ്ഥലം കണ്ടെത്തിയിരിക്കണം. ഓരോ വിഷയ ഗ്രൂപ്പിന്റെ വേദിയ്ക്ക് പിന്നിലും വിഷയം സംബന്ധിച്ച ബോർഡ് ഉണ്ടാകണം. ഇവയെല്ലാം കൂടിച്ചേരുന്ന അന്തരീക്ഷസൃഷ്ടി ശിൽപശാലയുടെ വിജയത്തിനും പ്രചാരണത്തിനും പ്രധാന മാണ്.

* * *

Printed and Published by Kodiyeri Balakrishnan, Secretary, CPI (M)
Kerala State Committee, Printed at P Krishnapillai Memorial
Printing & Publishing Co. Pvt. Ltd, Trivandrum.

# പാർടി കത്ത്

# 1/2016

കമ്മ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരിക്കുന്നത്

തിരുവനന്തപുരം
01.02.2016

Indic Digital Archive Foundation
gpura.org